# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ (211) 13-3-2008 ലെ മറുപടി

## കെട്ടിട നിർമ്മാണ അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ തോമസ് ചാഴിക്കാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കിയപ്പോൾ അപേക്ഷകർക്ക് കെട്ടിടനിർമ്മാണ അനുമതി ലഭിക്കുന്നതിന് വലിയ കാലതാമസം അനുഭവപ്പെടുന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കിയപ്പോൾ കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നതിന് കാലതാമസം അനുഭവപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.<br>ചട്ടങ്ങൾ ആദ്യമായി പഞ്ചായത്തുകളിൽ നടപ്പിലാക്കിയപ്പോൾ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിയമത്തിലെ വ്യവസ്ഥകളും നടപടിക്രമങ്ങളും പരിചയപ്പെട്ട് പ്രാവർത്തികമാക്കുന്നതിന് ഉണ്ടായിട്ടുള്ള താമസമാണ് മുഖ്യകാരണം. |
| ബി) ഇതു സംബന്ധിച്ച അപേക്ഷകൾ പരിശോധിക്കുന്ന പഞ്ചായത്ത് നഗരാസൂത്രണ വകുപ്പുകളിൽ ജീവനക്കാരുടെ അധികജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്ത് മാർഗ്ഗമാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ഉണ്ട്. നഗര-ഗ്രാമാസൂത്രണ വകുപ്പ് ശക്തിപ്പെടുത്തുനതിനുള്ള നടപടികൾ സർക്കാർ തലത്തിൽ ആലോചിച്ചു വരുന്നു. |
| സി) അപേക്ഷകർക്ക് നേരിടേണ്ടി വരുന്ന കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) അപേക്ഷകർക്ക് നേരിടേണ്ടിവരുന്ന കാലതാമസം ഒഴിവാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്. |

1. കിലാ(KILA) മുഖാന്തിരം, ഗ്രാമപഞ്ചായത്തുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ചട്ടങ്ങളെക്കുറിച്ച് പരിശീലനം എല്ലാ ജില്ലകളിലും നൽകുകയുണ്ടായി.

2. പൊതുജനങ്ങൾക്കും, ഉദ്യോഗസ്ഥർക്കും കെട്ടിട നിർമ്മാണ ചട്ടവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിനായി ഹെൽപ്പ് ഡെസ്ക്കുകൾ എല്ലാ ജില്ലാ ടൗൺ പ്ലാനർമാരുടെ ഓഫീസുകളിലും ആരംഭിച്ച്, സേവനം നൽകിക്കൊണ്ടിരിക്കുന്നു.

3. 60 ചതുരശ്ര മീറ്റർ വരെ പ്ലിന്ത് ഏരിയ ഉള്ള എല്ലാ വിഭാഗം വീടുകൾക്കും ലൈസൻസ്ഡ് എൻജിനീയർ/സൂപ്പർ വൈസർ തയ്യാറാക്കിയ പ്ലാനുകൾ സമർപ്പിക്കേണ്ടതില്ല. നിർമ്മാണം നടത്തുന്ന കെട്ടിടത്തിൻെറ ചുറ്റളവ് കാണിച്ചുകൊണ്ടുള്ള സ്കെച്ച് തയ്യാറാക്കി സമർപ്പിച്ചാൽ മതിയാകുമെന്ന് നിർദ്ദേശം നൽകി.

4. 150 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് അപേക്ഷ സ്ക്രൂട്ടിനി ചെയ്യുന്ന ദിവസംതന്നെ നിയമാനുസൃതമാണെങ്കിൽ പെർമിറ്റ് നൽകേണ്ടതാണെന്ന നിർദ്ദേശം നൽകി.

5. സർക്കാർ അംഗീകരിച്ച സ്കീമിൽപ്പെട്ടവർക്ക് കെട്ടിടത്തിൻെറ ചുറ്റളവ് കാണിച്ചുകൊണ്ടുള്ള സ്കെച്ച് നൽകിയാൽ മതിയാകും ഇപ്രകാരമുള്ള സ്കെച്ച് പഞ്ചായത്ത് സൗജന്യമായി നൽകുകയോ, പഞ്ചായത്തിൻെറ സഹായത്തോടെ വരച്ചുനൽകുകയോ ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

6. പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക്, അവരുടെ പരമ്പരാഗതമായ സ്ഥലത്ത് നിർമ്മാണം നടത്തുമ്പോൾ കൈവശാവകാശ സർട്ടിഫിക്കറ്റ് ബാധകമാക്കേണ്ടതില്ലയെന്നും,
പഞ്ചായത്തുകൾക്കായ പ്രത്യേക കെട്ടിട നിർമ്മാണചട്ടം ബാധകമാക്കുന്നതുവരെ അവർ പ്ലാൻ സമർപ്പിക്കേണ്ടതില്ലായെന്നും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

7. 20-6-2007, 25-7-2007, 10-9-2007, 26-11-2007, 3-1-2008 എന്നീ തീയതികളിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് സംശയ ദൂരീകരണത്തിനും, കാലതാമസം ഒഴിവാക്കുന്നതിനുമായി സർക്കാർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

8. ടി വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വാർത്താ മാദ്ധ്യമങ്ങൾ വഴിയും, നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ വെബ് സൈറ്റിൽ കൂടിയും പൊതുജനങ്ങളെ അറിയിച്ചിട്ടുണ്ട്.

9. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ മാത്രം പെർമിറ്റ് നൽകേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

10. എല്ലാ പഞ്ചായത്തുകളിലും എൻജിനീയർമാരുടെ/ ഓവർസിയർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 212 13.03.2008 ൽ മറുപടിക്ക്.

വ്യാജപ്രമാണങ്ങൾ ചമയ്ക്കുന്നവർക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. സാജുപോൾ<br>ശ്രീ. വി.ശശികുമാർ | ശ്രീ. കെ.പി.രാജേന്ദ്രൻ<br>(ബഹു: റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ വ്യാജ പ്രമാണങ്ങൾ ചമച്ച് സ്വത്തുക്കൾ തട്ടിയെടുക്കുന്ന സംഘങ്ങൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ വ്യാജ പ്രമാണങ്ങൾ ചമച്ച് സ്വത്തുക്കൾ തട്ടിയെടുക്കുന്ന സംഘങ്ങൾ ഇടുക്കി ജില്ലയിൽ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിലും, പോലീസ് തലത്തിലും അന്വേഷണം നടന്നുവരുന്നുണ്ട്. മറ്റു ജില്ലകളിൽ ഇത്തരം സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന് ജില്ലാ കളക്ടർമാർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |
| (ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് വ്യാജ പ്രമാണങ്ങൾ ധാരാളമായി നിർമ്മിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളത്; | (ബി) ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ വില്ലേജ് പരിധിയിൽ വരുന്ന പ്രദേശങ്ങളിലും, പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിലെ അട്ടപ്പാടി മേഖലയിലും വ്യാജ പ്രമാണങ്ങൾ ധാരാളമായി നിർമ്മിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

തുടർച്ച....

| | |
|---|---|
| (സി) രേഖകൾ ശരിയായി പരിശോധിക്കാതെ വ്യാജ പ്രമാണത്തിന്റെ മറവിൽ പോക്കുവരവ് ചെയ്യുന്നത് തടയാൻ നടപടി സ്വീകരിക്കുമോ? | (സി) ഭൂമിയുടെ യഥാർത്ഥ കൈവശം പരിശോധിച്ച് ഉറപ്പുവരുത്തിയും, ഹാജരാക്കുന്ന പ്രമാണത്തിന്റെ സാധുതയും, വിശ്വാസ്യതയും ബോദ്ധ്യപ്പെട്ടും മാത്രം പോക്കുവരവ് നടത്തുകയും ചെയ്താൽ വ്യാജപ്രമാണങ്ങൾ ഉപയോഗിച്ചുള്ള പോക്കുവരവ് നിയന്ത്രിക്കാനാവുമെന്ന് സർക്കാർ കരുതുന്നു. അതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ നിയമങ്ങളിൽ പുതിയ വ്യവസ്ഥകൾ ചേർത്തിട്ടുണ്ട്. |

## പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നംപർ (213) 13-3-2008 ലെ മറുപടി

## ബഹുനില ഫ്ളാറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോ സുരക്ഷാസംവിധാനങ്ങളോ ഇല്ലാതെ, ധാരാളം ബഹുനില ഫ്ളാറ്റുകൾ ഉയർന്നു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) അപകടങ്ങൾക്ക് കാരണമാകുന്ന ഇത്തരം ഫ്ളാറ്റുകളുടെ നിർമ്മാണത്തിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നത്; | (ബി) അനധികൃതമാണെങ്കിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നടപടി സ്വീകരിക്കുകയും, അപാകതകൾ തിരുത്താവുന്നവയാണെങ്കിൽ അത് പരിശോധിച്ച് തിരുത്തുന്നതിന് സെക്രട്ടറി നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾക്കും, സുരക്ഷ സംവിധാനങ്ങൾക്കും മുഖ്യ പ്രധാന്യം നൽകിക്കൊണ്ട് 1999-ലെ കെ.എം.ബി.ആർ.-ൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) നാഷണൽ ബിൽഡിംഗ് കോഡിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിരിക്കുന്ന സുരക്ഷാ സംവിധാനവും, റോഡിലേക്കുള്ള ദൂരവും, കേരളത്തിലെ ബഹുനിലകെട്ടിടങ്ങൾക്കും ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ; | സി) നാഷണൽ ബിൽഡിംഗ് കോഡിലെ സുരക്ഷാ സംവിധാനം, പ്ലോട്ടിലേയ്ക്കുള്ള വഴി, തുറസ്സായ സ്ഥലം എന്നിവ കൂടി പരിഗണിച്ച്, ബഹുനില കെട്ടിട നിർമ്മാണങ്ങൾക്കുബാധകമായ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |

| | |
|---|---|
| ഡി) ബഹുനില ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് ഒരു നിശ്ചിത പ്ലോട്ട് ഏരിയ സർക്കാർ തലത്തിൽ നിശ്ചയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (ഡി) ബഹുനില ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് ഒരു ചുരുങ്ങിയ പ്ലോട്ട് ഏരിയ നിഷ്കർഷിക്കുന്നതിന് കെ.എം.ബി.ആർ-ൽ ഭേദഗതി വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. വിശദാംശങ്ങൾക്ക് അന്തിമ രൂപം ആയിട്ടില്ല. |
| ഇ) കേരളത്തിൽ എഫ്.എ. ആർ. കുറയുന്നതിന് നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; | (ഇ) കേരളത്തിൽ അനുവദനീയമായ എഫ്.എ.ആർ. മറ്റു പ്രദേശങ്ങളിലേതിനേപേക്ഷിച്ച് പൊതുവേ കൂടുതലാണ്. കൊച്ചിയിൽ ഏറ്റവും തിരക്കേറിയ സെൻട്രൽ ബിസിനസ് ഡിസ്ട്രിക്ട് (സി.ബി.ഡി) ഉൾപ്പെടെയുള്ള സ്ട്രക്ച്ചർ പ്ലാൻ ഏരിയായിൽ കെട്ടിടനിർമ്മാണ ചട്ടങ്ങളിലേതിനേക്കാളും കുറഞ്ഞ എഫ്.എ. ആർ. പ്രാവർത്തികമാക്കിയിട്ടുണ്ട്. മറ്റ് പ്രദേശങ്ങളിലും നാഷണൽ നോംസിന് അനുസൃതമായി എഫ്. എ. ആർ. പരിഷ്ക്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. |
| എഫ്) അനധികൃതമായി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പരിധികളിൽ നിർമ്മിച്ചിട്ടുള്ള ഫ്ളാറ്റുകൾ സ്വയം പൊളിച്ചുമാറ്റാൻ തയ്യാറാകാത്ത സാഹചര്യത്തിൽ, ഇത് സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിക്കുന്നത് ? | (എഫ്) അനധികൃത നിർമ്മാണങ്ങൾ സ്വയം പൊളിച്ചുമാറ്റാത്തപക്ഷം, കെ.എം.ബിആർ. ചട്ടം 18 പ്രകാരം, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയ്ക്ക് തന്നെ നിയമാനുസൃതം പൊളിച്ചുമാറ്റുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊളിച്ചുമാറ്റുന്ന പക്ഷം ചെലവ് കക്ഷികളിൽ നിന്നും ഈടാക്കുന്നതാണ്. അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കാൻ സെക്രട്ടറി പരാജയപ്പെടുന്ന പക്ഷം സർക്കാരിന് അത്തരം അനധികൃത നിർമ്മാണം ചട്ടം 18(5), (6) പ്രകാരം പൊളിച്ചു മാറ്റുന്നതിന് ക്രമീകരണങ്ങൾ നടത്താവുന്നതും, ഇതിൻെറ ചെലവ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഈടാക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.214 13.3.2008 -ൽ മറുപടിക്ക്

## കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും വിപണനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജെ.അരുന്ധതി<br>ശ്രീമതി.അയിഷാ പോറ്റി<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.പി.ജയരാജൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) കുടുംബശ്രീ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; ഉല്പന്നങ്ങൾ ബ്രാന്റ് നെയിമിൽ വിപണിയിലെത്തിക്കുമോ ; | (എ) കുടുംബശ്രീ ഉൽപന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും, ബ്രാന്റിംഗ് സംവിധാനം രൂപപ്പെടുത്തുന്നതിനും, നടപടി സ്വീകരിച്ചുവരുന്നു. 'ഹീപ്പിൾ.' ഇത്തരത്തിലുള്ള പരിപാടിയാണ്. |
| (ബി) കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനത്തിന് സ്ഥിരം വില്പന ശാലകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) കുടുംബശ്രീ ഉൽപന്നങ്ങളുടെ വിപണനത്തിന് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും, മാർക്കറ്റിംഗ് ഔട്ട് ലെറ്റ് സ്ഥാപിക്കുന്നതിന് കുടുംബശ്രീമിഷൻ പദ്ധതിയാവിഷ്കരിച്ചിട്ടുണ്ട് |
| (സി) ഇതിനായി ആരംഭിച്ച മാസചന്തകൾ വിജയപ്രദമായിരുന്നോ; വിശദാംശം വെളിപ്പെടുത്തുമോ? | (സി) വിജയകരമായിരുന്നു. ഈ മാസചന്തകൾ താലൂക്ക്/ബ്ലോക്ക് തലത്തിൽ കൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കുടുംബശ്രീ ഉൽപന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി, ബ്രാന്റിംഗ് ഏർപ്പെടുത്തുന്നതിന് കുടുംബശ്രീ മിഷൻ പദ്ധതിയാവിഷ്കരിച്ചിട്ടുണ്ട് സമാന കുടുംബശ്രീ സംരംഭങ്ങളെ ഒന്നിച്ച് ഒരു പൊതുസംവിധാനത്തിനു കീഴിൽ കൊണ്ടുവരിക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. സമാന കുടുംബശ്രീ ഉൽപന്നങ്ങൾക്ക് പൊതുബ്രാന്റ് നൽകുന്നതിനും, നവീനവും, ആകർഷകവുമായ പാക്കിംഗ് സംവിധാനം രൂപപ്പെടുത്തുന്നതിനും, പൊതുവായ ഗുണനിലവാര സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ഇതുവഴി സാധ്യമാണ്. ഇതിന്റെ ആദ്യപടിയായി പൂരക പോഷകാഹാരമിശ്രിതം ഉൽപാദിപ്പിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് പൊതുവായ ഒരു ഉൽപാദന ഗുണനിലവാര നടപടിക്രമങ്ങൾ ഏർപ്പെടുത്തുകയും ടി ഉൽപന്നങ്ങൾക്ക് "അമൃതം" എന്ന ഒരു പൊതുബ്രാന്റ് നൽകുകയും ചെയ്തിട്ടുണ്ട് കൂടാതെ കുടുംബശ്രീ കൊപ്രാസംസ്കരണ യൂണിറ്റുകൾ നിർമ്മിക്കുന്ന വെളിച്ചെണ്ണ "കേരശ്രീ" എന്ന ബ്രാന്റിലാണ് വിൽപന നടത്തുന്നത്. ഇത് ക്രമേണ മറ്റ് ഉൽപന്നങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന "ഹീപ്പിൾ" പ്രോജക്ടിന്റെ ഭാഗമായി ജില്ലയിലെ വിവിധ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിർമ്മിക്കുന്ന കുടുംബശ്രീ ഉത്പ്പന്നങ്ങൾ, "ഹീപ്പിൾ" എന്ന ബ്രാന്റിലാണ് വിപണനം

നടത്തുന്നത് കുടുംബശ്രീ ഉൽപന്നങ്ങളുടെ കേന്ദ്രീകൃത വിപണനത്തിനായുള്ള സമഗ്ര പദ്ധതിക്ക് കുടുംബശ്രീ സംസ്ഥാനമിഷൻ രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്/നഗരസഭകളിലും കുടുംബശ്രീ ഉൽപന്നങ്ങളുടെ

തനത് മാർക്കറ്റ് സെന്ററുകൾ സ്ഥാപിച്ച്, ക്രമേണ ഇതൊരു വിപണന ശ്രംഖലയായി രൂപപ്പെടുത്തി തദ്ദേശഭരണപ്രദേശത്തെ എല്ലാ കുടുംബശ്രീ ഉൽപന്നങ്ങൾക്കും വിപണി സാധ്യമാക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത മാർക്കറ്റിംഗ് സെന്ററുകളുടെ അനുയോജ്യമായ മാതൃകകൾ സമർപ്പിക്കുന്നതിന് ഈരംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുകയുണ്ടായി ഇതിൽ നിന്നും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിച്ച മാതൃക തെരെഞ്ഞെടുത്തിട്ടുണ്ട്.. പ്രസ്തുത മാർക്കറ്റിംഗ് സെന്ററുകൾ, ഘട്ടം ഘട്ടമായി, എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലുംസ്ഥാപിക്കുന്നതിനുള്ള വിശദമായ രൂപരേഖ സർക്കാരിന്റെ പരിഗണനയിലാണ്.

കുടുംബശ്രീ ഉൽപന്നങ്ങൾക്ക് സ്ഥായിയായ വിപണി ലക്ഷ്യമിട്ട് വിപണന ശൃംഖല രൂപപ്പെടുത്തുന്നതിന് മുന്നോടിയായി ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള ഒരു പരിപാടിയെന്ന നിലയിലാണ് 2007 ഒക്ടോബർമാസം മുതൽ സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ കുടുംബശ്രീസംരംഭകരുടെ മാസച്ചന്തകൾ ആരംഭിച്ചിട്ടുള്ളത് . ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും മറ്റു പ്രമുഖ പട്ടണങ്ങളിലും മാസത്തിൽ നിശ്ചിത തീയതികളിൽ കുടുംബശ്രീ ഉല്പന്നങ്ങൾ വിൽക്കുന്നതിനുള്ള പ്രത്യേക താല്കാലിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
നിലവിൽ മാസചന്തകളുടെ സംഘാടനത്തിന് നേതൃത്വം നൽകുന്നത് കുടുംബശ്രീ ജില്ലാ മിഷനുകളാണ്. മാസചന്തകളുടെ വേദിയ്ക്കും, പശ്ചാത്തല സൗകര്യത്തിനും വേണ്ട ചെലവുകൾ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുന്നതിനാണ് വ്യവസ്ഥചെയ്തിരിക്കുന്നത്. ക്രമേണ മാസച്ചന്തകളുടെ സംഘാടനം കുടുംബശ്രീ യുവശ്രീ ഗ്രൂപ്പുകൾ വഴി നടത്തുന്നതിന്

പദ്ധതിയുണ്ട്. ഇതിനായി എല്ലാ ജില്ലകളിലും കുടുംബശ്രീ മാസചന്ത- ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട് സംസ്ഥാനമൊട്ടുക്കു സംഘടിപ്പിച്ച ഒക്ടോബർ 07 മുതൽ ജനുവരി 2008 വരെയുള്ള മാസചന്തകളിലൂടെയുള്ള മൊത്തം വിൽപ്പന 45,95,838/- രൂപയാണ്. (ജില്ല തിരിച്ചുള്ള വിറ്റുവരവ് ചുവടെ ചേർക്കുന്നു).

| ക്രമ നമ്പർ | ജില്ല | വിറ്റുവരവ് രൂപ |
|---|---|---|
| 1 | തിരുവനന്തപുരം | 494300 |
| 2 | കൊല്ലം | 560323 |
| 3 | പത്തനംതിട്ട | 329460 |
| 4 | ആലപ്പുഴ | 280936 |
| 5 | കോട്ടയം | 176526 |
| 6 | ഇടുക്കി | 45427 |
| 7 | എറണാകുളം | 1370063 |
| 8 | തൃശൂർ | 70761 |
| 9 | പാലക്കാട് | 285126 |
| 10 | മലപ്പുറം | 151108 |
| 11 | കോഴിക്കോട് | 352087 |
| 12 | വയനാട് | 173533 |
| 13 | കണ്ണൂർ | 168082 |
| 14 | കാസർകോട് | 138106 |
| ആകെ | | **4595838** |

ഉത്പന്നങ്ങളുടെ ഗുണനിലവാരം, പാക്കിംഗ് എന്നിവ മെച്ചപ്പെടുത്തുന്നതിനും സംരംഭകരെ ഇതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും മാസചന്തകളുമായി കോർത്തിണക്കി സംസ്ഥാനത്തുടനീളം പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകൾ നടത്തുകയുണ്ടായി. ആദ്യ ഘട്ടത്തിൽ ഭക്ഷ്യവസ്തുക്കളുടെ യൂണിറ്റുകൾക്കാണ് പരിശീലനം നൽകിയത്. ഇതിന്റെ പ്രയോജനം തുടർന്നു സംഘടിപ്പിച്ച മാസച്ചന്തകളിൽ പ്രകടമാണ്. ഇതിന്റെയടിസ്ഥാനത്തിൽ മറ്റ് സംരംഭകർക്കും സമാന പരിശീലനങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സുകളിലേയ്ക്കുകൂടി കുടുംബശ്രീ മാസച്ചന്തകൾ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.216. 13.3.2008-ൽ മറുപടിയ്ക്ക്

## ഗുണമേന്മയുള്ള വലകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ :<br>ശ്രീ.എ.എം.ആരിഫ് :<br>ശ്രീ.എം.കെ.പുരുഷോത്തമൻ :<br>ശ്രീ.പി.വിശ്വൻ : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) മത്സ്യത്തൊഴിലാളികൾക്ക് ഗുണമേന്മയുള്ള വലകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) മത്സ്യത്തൊഴിലാളികൾക്ക് ഗുണമേന്മയുള്ള വലകൾ ലഭിക്കുന്നതിനുവേണ്ടി എറണാകുളത്ത് 450 ടൺ ശേഷിയുള്ള ആധുനിക രീതിയിലുള്ള ഒരു വല നിർമ്മാണശാല പ്രവർത്തിച്ചു വരുന്നു. ലഭ്യമായിട്ടുള്ളതിൽ ഏറ്റവും നല്ല വല നിർമ്മാണ യന്ത്രങ്ങളും ഗുണമേന്മയുള്ള അസംസ്കൃതവസ്തുക്കളും ഉപയോഗപ്പെടുത്തി ഏറ്റവും ഗുണനിലവാരമുള്ള വല ഉല്പാദിപ്പിക്കുവാനും മത്സ്യത്തൊഴിലാളികൾക്ക് നല്കാനും കഴിയുന്നു. |
| (ബി) ഫിഷറീസ് കോർപ്പറേഷന്റെ വലനിർമ്മാണശാലയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ വലകൾ നിർമ്മിച്ചു നൽകാൻ കഴിയുന്നുണ്ടോ ; | (ബി) മത്സ്യഫെഡിന്റെ കീഴിലുള്ള വല നിർമ്മാണ ശാലയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ വലകൾ നിർമ്മിക്കുന്നതിനാണ് മുൻഗണന നല്കിയിരിക്കുന്നത്. കേരളത്തിന് ആവശ്യമുള്ള മൊത്തം വലയുടെ 20% മാത്രമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്. |
| (സി) വലനിർമ്മാണശാല നവീകരിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (സി) എറണാകുളത്ത് ഫാക്ടറിയിൽ നവീകരണത്തിന്റെ ഭാഗമായി പ്രവർത്തനശേഷി കൂടിയ നാല് വലയന്ത്രങ്ങൾ 2007 ൽ സ്ഥാപിക്കുകയുണ്ടായി. മലബാർ മേഖലയിൽ അഴീക്കലിൽ ഒരു പുതിയവല നിർമ്മാണശാല സ്ഥാപിക്കുന്നതിന് നബാർഡ്/എൻ.സി.ഡി.സി/റ്റി.ആർ.പി. എന്നീ ഏജൻസികളുടെ ധനസഹായത്തോടെയുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സഹകരണസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ വല നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) മത്സ്യത്തൊഴിലാളികൾക്ക് എൻ.സി.ഡി.സി പദ്ധതി പ്രകാരവും, മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളിലെ അംഗങ്ങൾക്ക് സബ്സിഡി നിരക്കിലും വല നല്കിവരുന്നുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി വഴിയും വലകൾക്ക് സബ്സിഡി നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം

13-3-2008 -ലെ മറുപടിക്ക്

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 216**

### സംസ്ഥാന ലോട്ടറി വകുപ്പിന്റെ നവീകരണം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. എം . ചന്ദ്രൻ<br>ശ്രീ. അൽഫോൻസ് കണ്ണന്താനം<br>ശ്രീ. കെ. വി കുഞ്ഞിരാമൻ<br>ശ്രീ. എ.സി. മൊയ്തീൻ | ഡോ.ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പു മന്ത്രി) |
| എ) സംസ്ഥാന ലോട്ടറി വകുപ്പിന്റെ നവീകരണവും പുനഃസംഘടനയും മൂലം എന്തെങ്കിലും നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | എ) 15/5/2007 ലെ ജി.ഒ. (എം.എസ്) നം 124/07/നി.വ.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭാഗ്യക്കുറി വകുപ്പ് നവീകരിക്കുകയും പുനഃസംഘടിപ്പിക്കുകയും ചെയ്തു. ഇതനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമായിരുന്ന പല അധികാരങ്ങളും ഭാഗ്യക്കുറി ഡയറക്ടർക്ക് കൈമാറി ഉത്തരവായിട്ടുണ്ട്. ഇതിനെതുടർന്ന് പുതുതായി 8 പ്രതിവാര ഭാഗ്യക്കുറികളും 2 പ്രതിമാസ ഭാഗ്യക്കുറികളും ആരംഭിക്കുകയുമുണ്ടായി.<br>ഭാഗ്യക്കുറി നവീകരണ പ്രക്രിയയുടെ ഭാഗമായി ടിക്കറ്റ് അച്ചടി, വിതരണം, സമ്മാന വിതരണം എന്നിവയിൻമേൽ ക്രിയാത്മകമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. സമ്മാന വിതരണ പ്രക്രിയ സുതാര്യപ്പെടുത്തുന്നതിന് ടിക്കറ്റുകളിൽ റാൻഡം നമ്പറിംഗ് , ബാർ കോഡിംഗ് എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടിക്കറ്റുകളുടെ [illegible] സുരക്ഷ ഉറപ്പാക്കുന്നതിനും ഈ സംവിധാനം പ്രയോജനപ്പെടുത്തി വരുന്നു.<br>ഭാഗ്യക്കുറികളുടെ വിൽപ്പന, സമ്മാന വിതരണം എന്നിവ പരിഷ്കാര[illegible]ത്തിൽ ഓൺ ലൈൻ സംവിധാനത്തിലാക്കിയിട്ടുണ്ട്.<br>വകുപ്പിന്റെ സേവനം കൂടുതൽ [illegible] ജനോപകാരപ്രദമാക്കുന്നതിലേയ്ക്കായി നിലവിലുള്ള വെബ്സൈറ്റ് കൂടുതൽ ആകർഷകമാക്കി അപ് ഡേറ്റ് ചെയ്തിട്ടുണ്ട്.<br>ടിക്കറ്റുകൾ കടമായി ബാങ്ക് ഗാരന്റിയുടെ അടിസ്ഥാനത്തിൽ നൽകിയതിനെ തുടർന്ന് [illegible] |

പ്പനയിൽ ഗണ്യമായ തോതിൽ വർദ്ധനവുണ്ടായിട്ടുണ്ട്. നിലവിലുള്ള ഭാഗ്യക്കുറികളുടെ നറുക്കെടുപ്പു രീതി ശാസ്ത്രീയമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

ഒരു ലക്ഷം രൂപ വരെയുള്ള സമ്മാനം ജില്ലാഓഫീസുകളിൽ നിന്നും നൽകുന്നതിനുള്ള ഉത്തരവ് നൽകിയതിനെ തുടർന്ന് സമ്മാന വിതരണം കൂടുതൽ കാര്യക്ഷമമായി.

ബി) സംസ്ഥാന ലോട്ടറി വില്പനയിൽ ഇതുമൂലം വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

ബി) ഉണ്ട്. 2007-08 സാമ്പത്തിക വർഷത്തിൽ 29/2/2008 വരെയുള്ള ആകെ വരുമാനം 298.85 കോടി രൂപ യാണ്. 2006-07 കാലയളവിലെ വരുമാനം ( 28/2/2007) വരെ 215.47 കോടി രൂപയാണ് മുൻ വർഷത്തെ അപേക്ഷിച്ച് ഫെബ്രുവരി 29-ാം തിയതിവരെ മൊത്തം വരുമാനത്തിൽ 83.38 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

സി) അന്യ സംസ്ഥാന പേപ്പർ ലോട്ടറി കച്ചവടക്കാർ നടത്തുന്ന നിയമ ലംഘനങ്ങൾക്കെതിരെ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്ന നിയമ നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

സി) അന്യ സംസ്ഥാന ലോട്ടറികൾ നിയമലംഘനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പ് പ്രൊമോട്ടർമാരിൽ നിന്നുമുൻകൂർ നികുതി സ്വീകരിക്കുന്നത് നിർത്തി വെക്കുകയും രജിസ്ട്രേഷൻ റദ്ദാക്കുന്നതിലേയ്ക്ക് നോട്ടീസ് നൽകുകയും ചെയ്തു. എന്നാൽ അന്യ സംസ്ഥാന ലോട്ടറികൾ കേന്ദ്ര നിയമം ലംഘിച്ചാൽ നടപടിയെടുക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല എന്ന കോടതി വിധിയെ തുടർന്ന് തുടർ നടപടികൾ നിർത്തി വച്ചു. എന്നാൽ മേൽ വസ്തുതകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 1/1/2008 മുതൽ ഭൂട്ടാൻ ഗവൺമെന്റ് പ്രൊമോട്ടറെ മാറ്റിയ സാഹചര്യത്തിൽ മുൻകൂർ നികുതി സ്വീകരിക്കുന്നത് നിർത്തി വയ്ക്കുകയുണ്ടായി. ഇതിനെതിരെ പ്രൊമോട്ടർ കോടതിയെ സമീപിച്ചപ്പോൾ. പ്രസ്തുത കേസിന് തീർപ്പ് കൽപ്പിക്കുന്നത് വരെ ഭൂട്ടാൻ ലോട്ടറിയുടെ വിൽപന കോടതി തടഞ്ഞിരുന്നു. എന്നാൽ മുൻകൂർ നികുതി സ്വീകരിക്കുവാൻ കോടതി നിർദ്ദേശിച്ച് വിധി പ്രസ്താവിച്ചതിനെ തുടർന്ന് സംസ്ഥാനം അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

2165

| | | | |
|---|---|---|---|
| ഡി) | അരുണാചൽ പ്രദേശ് സർക്കാരിന്റെ പേപ്പർ ലോട്ടറിക്ക് സംസ്ഥാനത്ത് പുതുതായി രജിസ്ട്രേഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; | ഡി) | ഇല്ല |
| ഇ) | സംസ്ഥാന ലോട്ടറി വകുപ്പ് നടത്തുന്ന ഭാഗ്യക്കുറികളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിച്ചതിന്റെ സാഹചര്യം എന്താണ്; | ഇ) | സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ലോട്ടറി മേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും അന്യ സംസ്ഥാന ലോട്ടറികളുടെ വില്പന നിയന്ത്രിക്കുന്നതിനുവേണ്ടിയും ലോട്ടറി വില്പ ഉപജീവനമാർഗമാക്കുന്ന ഏജന്റുമാരുടെ ഭാഗത്തു നിന്നുള്ള നിരന്തര ആവശ്യം പരിഗണിച്ചുമാണ് സംസ്ഥാന ഭാഗ്യക്കുറികളുടെ എണ്ണം വർദ്ധിപ്പിച്ചത് |
| എഫ് | ലോട്ടറി ഏജന്റുമാർക്കും വില്പനക്കാർക്കുമായി പുതുക്കിയ ക്ഷേമനിധി ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | എഫ് | ഉണ്ട്. ഏജന്റുമാർക്കും,. വില്പനക്കാർക്കുമുള്ള ക്ഷേമനിധി രണ്ടു മാസത്തിനകം നടപ്പിലാക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. |

Chandni
സെക്ഷൻ ഓഫീസർ

—— —— ——

## പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 217

**13.03.2008-ൽ മറുപടിയ്ക്ക്.**

### ദാരിദ്ര്യ രേഖ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.സദാശിവൻ:<br>ശ്രീ.സി.കെ.പി.പത്മനാഭൻ :<br>ശ്രീ.ബി.രാഘവൻ:<br>ശ്രീ.പി.ടി.എ.റഹീം:<br>ശ്രീ.കെ.സി.രാജഗോപാലൻ: | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ പട്ടിക തയ്യാറാക്കുന്ന നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; | (എ) സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങളിൽ ദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിനായി 2003-ൽ ദാരിദ്ര്യ രേഖാ സെൻസസ് നടത്തിയിരുന്നു. ബഹു: സുപ്രീം കോടതി നിർദ്ദേശിച്ചതനുസരിച്ച് അന്തിമ ദാരിദ്ര്യ രേഖാ ലിസ്റ്റ് തയ്യാറാക്കാൻ പാടില്ലെന്നും കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിർദ്ദേശിച്ചിരുന്നു. 2005 ഒക്ടോബർ മാസത്തിൽ ഇത് സംബന്ധിച്ച ബഹു: സുപ്രീംകോടതിയുടെ തടസ്സം നീങ്ങിയതായും ദാരിദ്ര്യ രേഖാ ലിസ്റ്റ് പ്രസിദ്ധീകരിക്കാവുന്നതാണെന്നും കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിരുന്നു. 2003-ൽ ദാരിദ്ര്യ രേഖാ സെൻസസിലൂടെ ശേഖരിച്ച സ്ഥിതി വിവര കണക്കുകൾ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ സാധുതാ പരിശോധനയ്ക്ക് വിധേയമാക്കി. സംസ്ഥാന സർക്കാർ അംഗീകരിച്ച സൂചകങ്ങളുടെയും വെയിറ്റേജിന്റെയും അടിസ്ഥാനത്തിൽ ദരിദ്ര കുടുംബങ്ങളുടെ മുൻഗണനാ പട്ടിക ശുദ്ധ ദരിദ്രർ, ദരിദ്രർ എന്നിങ്ങനെ തരംതിരിച്ച് തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന കരട് ദാരിദ്ര്യ രേഖാ ലിസ്റ്റ് ഗ്രാമസഭകളുടെ അംഗീകാരം തേടുന്നതിനുള്ള നടപടികൾ ഇപ്പോൾ നടന്നുവരുന്നു. അർഹരായവർ വിട്ടുപോയിട്ടുണ്ടെങ്കിൽ ഉൾപ്പെടുത്തുന്നതിനും അനർഹരായവരെ ഒഴിവാക്കുന്ന |

തിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

നഗര പ്രദേശങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിനുള്ള സർവ്വേ സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും (തിരുവനന്തപുരം നഗരസഭയൊഴികെ) പൂർത്തിയായി കഴിഞ്ഞു.

(ബി) കേന്ദ്രസർക്കാരിന്റെ ദാരിദ്ര്യ രേഖാ നിർണ്ണയ മാനദണ്ഡം എന്താണ്; ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹ്യ സാഹചര്യങ്ങൾക്കനുസരിച്ച് ഭേദഗതി ചെയ്യണമെന്ന ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന 13 സൂചകങ്ങൾക്ക് ലഭിക്കുന്ന സ്കോറിന്റെ അടിസ്ഥാനത്തിൽ ദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിനാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരുന്നത്. ഇതിനായി ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ 13 സൂചകങ്ങൾ ദാരിദ്ര്യ രേഖാ സെൻസസ് ഫോറത്തിൽ നൽകിയിരുന്നു. ഓരോ സൂചകത്തിൻമേലും 0, 1, 2, 3, 4 എന്നിങ്ങനെ അഞ്ച് സ്കോർ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കുടുംബത്തിന്റെ സ്ഥിതിയനുസരിച്ച് ഓരോ സൂചകത്തിൻ മേലും ഏറ്റവും അനുയോജ്യമായ സ്കോർ നൽകേണ്ടതാണ്. ഓരോ കുടുംബത്തിനും 13 സൂചകങ്ങളിലുമായി ലഭിക്കുന്ന ആകെ സ്കോർ കണക്കാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിന്റെയും സ്ഥാനം ആരോഹണക്രമത്തിൽ നിശ്ചയിക്കേണ്ടതുമാണ്. ഓരോ സംസ്ഥാനത്തും ദാരിദ്ര്യ രേഖാ സെൻസസിലൂടെ കണ്ടെത്തുന്ന പാവപ്പെട്ട ആളുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ പാവപ്പെട്ടയാളുകളുടെ കണക്കുകളിൽ കൂടാൻ പാടില്ലായെന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിരുന്നു. ഇക്കാര്യം കണക്കിലെടുത്ത് [illegible] സംസ്ഥാനങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് കുറഞ്ഞ സ്കോർ (CUT OFF SCORES) നിശ്ചയിക്കേണ്ടതെന്നും നിർദ്ദേശിച്ചിരുന്നു. പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടു

ത്തിയിട്ടുള്ള സംസ്ഥാനത്തെ പാവപ്പെട്ട കുടുംബങ്ങളുടെ എണ്ണം 4.19 ലക്ഷമാണ്. ഈ നിബന്ധന മൂലം നിലവിലുള്ള ദാരിദ്ര്യ രേഖാ ലിസ്റ്റിലെ ഗണ്യമായ ഒരു വിഭാഗം കുടുംബങ്ങൾ ദാരിദ്ര്യ രേഖാ ലിസ്റ്റിന് പുറത്താകാൻ സാദ്ധ്യതയുള്ളതിനാൽ ഇത് പുനഃപരിശോധിക്കണമെന്ന് ബഹു: കേരള മുഖ്യമന്ത്രി ബഹു: കേന്ദ്ര ഗ്രാമവികസനമന്ത്രിയോട് ആവശ്യപ്പെടുകയും ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുകയും ദാരിദ്ര്യ രേഖാ സെൻസസിലൂടെ കണ്ടെത്തുന്ന പാവപ്പെട്ടയാളുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാന-ഗ്രാമ പ്രദേശങ്ങളിലെ പാവപ്പെട്ടയാളുകളുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്ക് പോക്ക് അനുസരിച്ചുള്ള കണക്ക് പ്രകാരമുള്ള എണ്ണമോ ഏതാണോ കൂടുതൽ അതിൽ കൂടുതൽ ആകാൻ പാടില്ലായെന്നും അറിയിച്ചിരുന്നു. കേന്ദ്രസർക്കാരിന്റെ പുനഃപരിശോധനയ്ക്ക് ശേഷമുള്ള തീരുമാന പ്രകാരം സംസ്ഥാനത്തെ ദരിദ്ര കുടുംബങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും ഇതനുസരിച്ച് ദരിദ്ര കുടുംബങ്ങളുടെ എണ്ണം 10.259 ലക്ഷം കുടുംബങ്ങളായി നിജപ്പെടുത്തേണ്ടിവന്നിട്ടുണ്ട്.

സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹിക സാഹചര്യങ്ങൾക്കനുസരിച്ച് ദാരിദ്ര്യ രേഖാ നിർണ്ണയ മാനദണ്ഡം ഭേദഗതി ചെയ്യണമെന്ന ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല.

(സി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായി എത്ര പേർ ഉണ്ടെന്നാണ് സർവ്വേയിൽ കണ്ടെത്തിയിട്ടുള്ളത്; നേരത്തെ ഉള്ള ലിസ്റ്റിൽ നിന്നും എത്ര കുടുംബങ്ങളാണ് ഈ ലിസ്റ്റിൽ കൂടുതലായുള്ളത്;

(സി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിനുള്ള ഗ്രാമ-നഗര പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. സർവ്വേ വിവരങ്ങൾ എന്തായാലും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 10.259 ലക്ഷം കവിയാൻ പാടില്ല എന്ന് കേന്ദ്ര പ്ലാനിംഗ് കമ്മീഷനും കേന്ദ്രസർക്കാരും നിഷ്കർ

ഷിച്ചിട്ടുണ്ട്. എന്നാൽ 21.03 ലക്ഷം കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് കീഴിൽ വരുന്ന കരട് ലിസ്റ്റാണ് സംസ്ഥാനം ഗ്രാമ പ്രദേശങ്ങൾക്കു വേണ്ടി തയ്യാറാക്കിയിട്ടുള്ളത്.

(ഡി) ലിസ്റ്റിലുള്ള എല്ലാവർക്കും, കേന്ദ്ര ഗവണ്‍മെന്റ് ഈ വിഭാഗത്തിനു പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

(ഡി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പ്രകാരം അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്തി പട്ടിക തയ്യാറാക്കുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഈ വിഭാഗത്തിന് പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് 14.9.2007-ൽ കേരള നിയമസഭ ഏകകണ്ഠമായി പ്രമേയം പാസാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശിച്ച എണ്ണം കുടുംബങ്ങൾക്ക് മാത്രമേ നൽകാൻ കഴിയൂ എന്ന് കേന്ദ്ര ഗവണ്‍മെന്റ് അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

13-3-2008 -ലെ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 210

## അനധികൃത സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. അൽഫോൻസ് കണ്ണന്താനം | ഡോ.ടി.എം. തോമസ് ഐസക്ക് |
| ശ്രീ. ആനത്തലവട്ടം ആനന്ദൻ | (ധനകാര്യ വകുപ്പു മന്ത്രി) |
| ശ്രീ. എം. ജെ . ജേക്കബ് | |
| ശ്രീ. ജോർജ്ജ് എം. തോമസ് | |
| ശ്രീ. എം. എം. മോനായി | |

| | |
| --- | --- |
| എ) അനധികൃത സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | എ) 1958 ലെ മണി ലെന്റിംഗ് നിയമത്തിന്റെ പരിധിയിൽ വരുന്ന പണമിടപാടു സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള വ്യക്തമായ വ്യവസ്ഥകൾ നിയമത്തിലുണ്ട് . നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നതായി ശ്രദ്ധിക്കപ്പെട്ടാൽ അതത് ലംഘിക്കുന്നവർക്കെതിരായി കർശന നടപടികൾ സർക്കാർ സ്വീകരിക്കാറുണ്ട് ഇതിൻ പ്രകാരം ലഭിച്ച പരാതികളിന്മേൽ അന്വേഷണത്തിനും ഉചിതമായ നടപടികൾക്കും വേണ്ടി ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കേസുകളിൽ അന്വേഷണം നടത്തുകയും ആവശ്യമായ കേസുകളിൽ പിഴ ഈടാക്കുകയും ലൈസൻസ് റദ്ദുപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേരളത്തിനകത്തെ സാമ്പത്തിക സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ് ഓഫ് ഡെപ്പോസിറ്റേഴ്സ് (ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ) ആന്റ് റഗുലേഷൻ ഓഫ് മണിലെന്റേഴ്സ് ബിൽ 2007 എന്നബിൽ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| ബി) | ലൈസൻസുള്ള സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ അമിത പലിശയും നിയമവിരുദ്ധ ചാർജ്ജുകളും ഈടാക്കുന്നതു തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; | ബി) | ലൈസൻസുള്ള സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ അമിത പലിശയും നിയമവിരുദ്ധ ചാർജ്ജുകളും ഈടാക്കുന്നതു ശ്രദ്ധയിൽപ്പെട്ടാൽ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കാറുണ്ട്. |
| സി) | എത്ര സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്; ലൈസൻസ് നൽകുന്ന കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | സി) | 31/3/2007 ലെ കണക്കനുസരിച്ച് 9146 സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ലൈസൻസ് നൽകുന്നത് സംബന്ധിച്ച് വ്യക്തമായ നിബന്ധനകൾ 1958 ലെ മണിലെൻഡിംഗ് നിയമത്തിലുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ

## 12-ാം കേരള നിയമ സഭ

### ഏഴാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. T* 219 13/3/08-ൽ മറുപടിക്ക്

### ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസെഷൻ നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എം.മുരളി | ബഹു.ധനകാര്യ വകുപ്പ് മന്ത്രി |
| എ) 8-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ഗവൺമെന്റ് ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസെഷൻ നൽകണമെന്ന് ശുപാർശ ചെയ്തിരുന്നോ ? | 8-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ഗവൺമെന്റ് ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസെഷൻ നൽകണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. |
| ബി) ഈ ആനുകൂല്യം ജീവനക്കാർക്ക് നൽകിയോ ? ഇല്ലെങ്കിൽ എന്തുകൊണ്ട് ? | ലീവ് ട്രാവൽ കൺസെഷൻ ആനുകൂല്യം ജീവനക്കാർക്ക് നൽകിയിട്ടില്ല. ഇക്കാര്യം വിശദമായി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |
| സി) 8-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ക്ലാസ് 4 ജീവനക്കാരുടെ സ്ഥാനക്കയറ്റാനുപാതം എത്രയാക്കണമെന്നാണ് ശുപാർശ ചെയ്തത്? ഇത് നടപ്പിലാക്കിയോ? ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ? | എൽ.ഡി ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ക്ലാസ് 4 ജീവനക്കാരിൽ നിന്നും പ്രൊമോഷൻ നൽകുന്നതിനായി പി.എസ്.സി നടത്തുന്ന ടെസ്റ്റിൽ 40% മാർക്കിൽ കുറയാതെ ലഭിക്കുന്ന ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് 8-ാം ശമ്പള കമ്മീഷൻ നിലവിലുള്ള 5% ക്വാട്ട 10% ആയി വർദ്ധനവ് വരുത്താൻ ശുപാർശ ചെയ്തിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിനുള്ള തീരുമാനം 2008-09 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

ധനകാര്യ മന്ത്രി അംഗീകരിച്ചത്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ .220 13.3.2008-ൽ മറുപടിക്ക്

## ട്രെയിൻ മുഖേനയുള്ള ചരക്ക് കടത്ത്

ചോദ്യം

ശ്രീ.സി.കെ.പി.പത്മനാഭൻ
ശ്രീ.കെ.കെ.ജയചന്ദ്രൻ
ശ്രീ.കെ.വി.കുഞ്ഞിരാമൻ
ശ്രീ.ജോർജ്ജ് എം.തോമസ്
ശ്രീ.മുരളി പെരുനെല്ലി

ഉത്തരം

ഡോ.റ്റി.എം.തോമസ് ഐസക്
(ധനകാര്യ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ട്രെയിൻ വഴിയുള്ള ചരക്ക് കടത്തുമായി ബന്ധപ്പെട്ട് ഈ വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് അറിയിക്കുമോ ; | (എ) 3039 (മൂവായിരത്തി മുപ്പത്തൊമ്പത്) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ട്രെയിൻ മുഖേനയുള്ള ചരക്ക് കടത്ത് തടയുന്നതിന് റെയിൽവേ ജീവനക്കാരുടെ സഹകരണം ലഭിക്കുന്നുണ്ടോ ; | (ബി) പൂർണ്ണ സഹകരണം ലഭിക്കുന്നില്ല |
| (സി) ഇത്തരം കള്ളക്കടത്ത് കണ്ടു പിടിക്കുന്നതിന് ധനകാര്യ വകുപ്പിന് എന്തു സംവിധാനമാണുള്ളത് ; ഇത് ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (സി) (1) സ്ക്വാഡുകളെ കൂടുതൽ ശക്തിപ്പെടുത്തി ശക്തമായ പരിശോധനകൾ നടത്തിവരുന്നു.<br>(2) ട്രെയിൻ വഴിയുള്ള അനധികൃത ചരക്ക് കടത്ത് തടയുന്നതിന് റെയിൽവേയിൽ തുടർച്ചയായ മിന്നൽ പരിശോധനകൾ നടത്തിവരുന്നു.<br>(3)ഇത്തരം കള്ളക്കടത്ത് കണ്ടുപിടിക്കുന്നതിന് കേരള സംസ്ഥാന എക്സൈസ്, വാണിജ്യനികുതി വകുപ്പുകൾ സംയുക്ത സംഘമായി ഒരു സംയോജിത നിരീക്ഷണ കേന്ദ്രം പ്രധാന റെയിൽവേ സ്റ്റേഷൻ കേന്ദ്രമായ എറണാകുളം സൗത്ത് റെയിൽവേസ്റ്റേഷനിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>4.കേരള മൂല്യ വർദ്ധിത നികുതി നിയമം2003-ലെ 47 (2,3,16) വകുപ്പ് പ്രകാരം നികുതി വെട്ടിച്ചു കൊണ്ട് വരുന്ന സാധനങ്ങൾ പിടിച്ചെടുത്ത് നികുതിയടപ്പിക്കുന്നതിനുള്ള നടപടികൾ നടത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

GOVERNME

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നംപർ (221) 13-3-2008 ലെ മറുപടി

## കെട്ടിട നിർമ്മാണ മേഖലയിലെ അഴിമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ പി.ടി.എ. റഹിം<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. എ.എം. യൂസഫ്<br>ശ്രീ. എം. ഹംസ<br>ശ്രീ. സാജു പോൾ | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) കെട്ടിട നിർമ്മാണ മേഖലയിൽ തദ്ദേശ ഭരണ വകുപ്പുമായി ബന്ധപ്പെട്ട അഴിമതി തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) 1-9-2007-ലെ സ.ഉ.(എം.എസ്) നമ്പർ. 201/2007/തസ്വഭവ. പ്രകാരം, 8740/97(എസ) നമ്പർ ഒ.പി.യിന്മേൽ 7-11-2006-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിയ്ക്കുശേഷം, മേഖലാ നിയന്ത്രണങ്ങളിൽ നിന്നും ഇളവുനൽകിയ 151 ഉത്തരവുകൾ സർക്കാർ റദ്ദു ചെയ്തിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനായി മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും സ്ക്വാഡുകൾ ശക്തിപ്പെടുത്തി. എല്ലാ ആഴ്ചയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനധികൃത നിർമ്മാണത്തെപ്പറ്റിയുള്ള റിപ്പോർട്ടുകൾ സർക്കാരിനെ അറിയിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വെബ്സൈറ്റിൽ അനധികൃത നിർമ്മാണങ്ങളെക്കുറിച്ച് ഫോട്ടോസഹിതം റിപ്പോർട്ടുകൾ നൽകി. അംഗീകൃത നഗരാസൂത്രണ പദ്ധതികളിലെ മേഖലാ നിയന്ത്രണങ്ങൾക്ക് വിരുദ്ധമായി ഉത്തരവുകൾ നൽകിയ ചീഫ് ടൗൺ പ്ലാനറുടെ ചാർജ്ജ് വഹിച്ചിരുന്ന ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ തസ്തികകളിൽപ്പെട്ട 46 പേർക്ക് എതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) അനധികൃതമായി പണിത കെട്ടിടങ്ങൾക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച | (ബി) അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ സെക്രട്ടറിമാർ നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചു വരുന്നു. |

വിശദാംശം വെളിപ്പെടുത്തുമോ;

(സി) അംഗീകൃത മാസ്റ്റർ പ്ലാനുകളിൽ മേഖലാ നിശ്ചയങ്ങളിൽ ഇളവനുവദിക്കാൻ സർക്കാരിന് അധികാരമില്ലെന്ന കോടതി വിധിക്കുശേഷം ഇളവനുവദിച്ച എത്ര കേസുകൾ ഈ സർക്കാർ കണ്ടെത്തി;

(സി) 1-9-2007-ലെ സ. ഉ. (എം.എസ്)നം.201/2007/ തസ്വഭവ. പ്രകാരം, 8740/97(എസ്) നമ്പർ ഒ.പി.യിന്മേൽ 7-11-2005-ൽ ബഹുമാനപ്പെട്ട ഹൈക്കോതി പുറപ്പെടുവിച്ച വിധിയ്ക്കുശേഷം മേഖലാ നിയന്ത്രണങ്ങളിൽ നിന്നും ഇളവു നൽകിയ 151 ഉത്തരവുകൾ കണ്ടെത്തിയിട്ടുണ്ട്. (ഉത്തരവിൻെറ കോപ്പി ഇതോടൊപ്പം ചേർക്കുന്നു.)

(ഡി) ഇതിന് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; മേഖലാ ഇളവു സംബന്ധിച്ച കോടതിവിധി മൂലം കെട്ടിടനിർമ്മാണ രംഗത്തുണ്ടായ ബുദ്ധിമുട്ടു പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

(ഡി) 1-9-2007-ലെ സ.ഉ.(എം.എസ്) നം.201/2007/തസ്വഭവ. പ്രകാരം സർക്കാർ ഈ ഉത്തരവുകൾ റദ്ദു ചെയ്തിട്ടുണ്ട്. കൂടാതെ ഇളവ് നേടി നിർമ്മിച്ച കെട്ടിടങ്ങൾ പരാമർശത്തിലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ, അനധികൃത കെട്ടിട നിർമ്മാണങ്ങളായി കണക്കാക്കി, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിയമാനുസൃത നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. നഗരാസൂത്രണ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുളള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം മാസ്റ്റർ പ്ലാൻ, കൊച്ചി സെൻട്രൽ സിറ്റിയ്ക്കായുളള സ്ട്രക്ച്ചർ പ്ലാൻ, കോഴിക്കോട് ഡവലപ്പ്മെന്റ് പ്ലാൻ, കൊല്ലം ഡവലപ്പ്മെന്റ് പ്ലാൻ, പുനലൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് പ്രദേശത്തിനായുളള വിശദ നഗരാസൂത്രണ പദ്ധതി എന്നിവയിലെ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പുതുക്കി ഇതിനകം തന്നെ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ, കോട്ടയം നഗരങ്ങളുടെ ഡവലപ്പ്മെന്റ് പ്ലാനുകളിലെ മേഖലാ നിയന്ത്രണചട്ടങ്ങളുടെ പുതുക്കിയ കരട് ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റ് നഗരാസൂത്രണപദ്ധതികളും കാലോചിതമായി പരിഷ്കരിക്കുന്നതിനുളള നടപടികൾ നഗര-ഗ്രാമാസൂത്രണ വകുപ്പിൽ സ്വീകരിച്ചു വരുന്നു.

ഉത്തരവിന്റെ കോപ്പി ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.222 13-03-2008-ലെ മറുപടി

**<u>സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം</u>**

**<u>ചോദ്യം</u>** **<u>ഉത്തരം</u>**

ശ്രീ. എം. ചന്ദ്രൻ: ശ്രീ. എസ്. ശർമ്മ

ശ്രീ. ആനത്തലവട്ടം ആനന്ദൻ: (മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

ശ്രീ. കെ. ടി. ജലീൽ:

ശ്രീ. പി. കൃഷ്ണപ്രസാദ്:

ശ്രീമതി. കെ. കെ. ലതിക:

| | ചോദ്യം | ഉത്തരം |
|---|---|---|
| എ) | സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ വന്ന ശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (I) പുതുതായി ആരംഭിച്ച തിരുവമ്പാടി ഒഴികെയുള്ള സംസ്ഥാനത്തെ 308 സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടർ വത്ക്കരണ നടപടികൾ പൂർത്തിയായിട്ടുണ്ട്. തിരുവമ്പാടി സബ് രജിസ്ട്രാർ ഓഫീസിന്റെ കമ്പ്യൂട്ടർവത്ക്കരണവും താമസിയാതെ പൂർത്തിയാകും .<br><br>(II) ഭൂമി രജിസ്ട്രേഷനിലെ ബിനാമി ഇടപാടുകളിലും വ്യാജ ആധാരങ്ങളും മറ്റും തടയുന്നതിനായി വസ്തു കൈമാറ്റാധാരങ്ങളിൽ വസ്തു വാങ്ങുന്നതും ,വിൽക്കുന്നതുമായ ആളുകളുടെ ഫോട്ടോയും വിരൽപ്പതിപ്പും പതിക്കണമെന്നും രജിസ്ട്രേഷനായി ഹാജരാകുന്ന ആളുടെയും ഫോട്ടോയും വിരൽ പതിപ്പും പതിക്കണമെന്നുള്ള നിയമം നടപ്പിൽ വരുത്തുകയുണ്ടായി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഹാജരാകുന്ന കക്ഷികളുടെ അനന്യത തെളിയിക്കുന്നതിലേക്കായി ഐഡന്റിറ്റി കാർഡും നിർബന്ധമാക്കിയിട്ടുണ്ട്.<br><br>(III) ആധാരങ്ങളിൽ കെട്ടിടത്തിന്റെ വില ശരിയായി കാണിക്കാതെ മുദ്രവില വെട്ടിക്കുന്നത് തടയുന്നതിനായി 1968 ലെ കേരള മുദ്രപത്ര നിയമം (കരണങ്ങളിൽ വില കുറച്ച് വയ്ക്കുന്നത് തടയൽ)ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് ,ഫോറം 1ബി ആധാരങ്ങളുടെ അനുബന്ധമായി ചേർക്കണമെന്ന് ഉത്തരവായിട്ടുണ്ട്. കെട്ടിടത്തെപ്പറ്റിയുള്ള വിവരങ്ങൾ മനസ്സിലാക്കുന്നതിന് വേണ്ടിയാണ് ടി ഫോറം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>(IV) ആധാരപ്പകർപ്പുകൾ തയ്യാറാക്കി നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിലേക്കായി ആധാരപ്പകർപ്പുകൾ കമ്പ്യൂട്ടർ വഴി നൽകുന്നതിനുള്ള ഡിജിറ്റൽ ഇമേജ് പ്രിന്റിംഗ് സംവിധാനം തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് സബ് രജിസ്ട്രാറാഫീസ് |

| | | |
|---|---|---|
| | | ഒഴികെ സംസ്ഥാനത്തെ മറ്റെല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും സ്ഥാപിച്ചു.<br><br>(V) 54 സബ് രജിസ്ട്രാർ ഓഫീസുകളിൽ കാലപ്പഴക്കം ചെന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും മാറ്റി വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br><br>(VI) രജിസ്ട്രേഷൻ നടപടികൾ സുതാര്യവൽക്കരിക്കുന്നതിനും ആധാരത്തിന്റെ വില കുറച്ചുവയ്ക്കുന്നത് തടയുന്നതിനുമായി സംസ്ഥാനത്ത് ഫെയർവാല്യൂ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി | സബ് രജിസ്ട്രാർ ഓഫീസുകളിലെ കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയായിട്ടുണ്ടോ ; | പുതുതായി ആരംഭിച്ച തിരുവമ്പാടി ഒഴികെയുള്ള 308 സബ് രജിസ്ട്രാർ ഓഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണ നടപടികൾ പൂർത്തിയായിട്ടുണ്ട് |
| സി | ആധാരത്തിന്റെ പകർപ്പ് നല്കുന്നതിനായി എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഡിജിറ്റൽ ഇമേജ് പ്രിന്റർ സ്ഥാപിച്ചിട്ടുണ്ടോ ; | ആധാരപ്പകർപ്പുകൾ കമ്പ്യൂട്ടർ വഴി നല്കുന്നതിനുള്ള ഡിജിറ്റൽ ഇമേജ് പ്രിന്റിംഗ് സംവിധാനം തിരുവനന്തപുരം ജില്ലയിലെ പാലോട് സബ് രജിസ്ട്രാർ ഓഫീസ് ഒഴികെ മറ്റെല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും സ്ഥാപിച്ചിട്ടുണ്ട്. |
| ഡി | വ്യാജപ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | 4.4.2007 ലെ 830- ാം നമ്പർ അസാധാരണ ഗസറ്റ് മുഖേന പ്രസിദ്ധീകരിച്ച 4.5.2007 ലെ ആർ.ആർ.4-5448/2003 നമ്പർ ഉത്തരവനുസരിച്ച് നിലവിൽവന്ന രജിസ്ട്രേഷൻ ചട്ട ഭേദഗതി അനുസരിച്ച് രജിസ്ട്രേഷനായി ആധാരം ഹാജരാക്കുന്ന ആളിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടതു കൈ പെരുവിരൽപ്പതിപ്പും ആധാരത്തിൽ പതിപ്പിക്കണം. വിലയാധാരങ്ങളിൽ വസ്തു വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന ഓരോ ആളിന്റെയും പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടതു കൈ പെരുവിരൽപ്പതിപ്പും ആധാരത്തിൽ പതിപ്പിക്കണം. കൂടാതെ രജിസ്റ്ററിംഗ് ആഫീസർ തന്റെ മുൻപാകെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഹാജരാകുന്ന ആളുടെ തനിമ സ്വയം ബോദ്ധ്യപ്പെടുന്നതിലേയ്ക്കായി ഇലക്ടറൽ തിരിച്ചറിയൽ കാർഡോ, പാസ്പോർട്ടോ, ഡ്രൈവിംഗ്ലൈസൻസോ, പെർമനന്റ് അക്കൗണ്ട് നമ്പർ കാർഡോ, റേഷൻ കാർഡോ സർക്കാർ നിയന്ത്രണത്തിലുള്ള ഏതെങ്കിലും അധികാരി നൽകുന്ന തിരിച്ചറിയൽ കാർഡോ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.<br>എന്നാൽ ടി ചട്ടങ്ങൾ സർക്കാർ, ഭരണഘടനാ അധികാര കേന്ദ്രങ്ങൾ, സ്റ്റാറ്റ്യൂട്ടറിബോഡീസ് തുടങ്ങിയ ഇതര സ്ഥാപനങ്ങൾ, ഏകാംഗസംഘങ്ങൾ, പൊതുമേഖലാ സംഘങ്ങൾ രജിസ്റ്റർ ചെയ്ത കോ- ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവയ്ക്കു വേണ്ടിയോ ഇവയുടെ പേർക്കോ എഴുതികൊടുക്കുന്ന ആധാരങ്ങളുമായി ബന്ധപ്പെട്ട് ഹാജരാക്കുന്ന ആളുകൾ ഇവർക്കും രജിസ്ട്രേഷൻ ആക്ട് 88 (1) വകുപ്പ് പ്രകാരം ഒഴിവാക്ക-പ്പെട്ടിട്ടുള്ള സർക്കാർ അധികാരികൾ, പൊതു അധികാരികൾ ഇവർക്കും ഔദ്യോഗിക നിലയ്ക്കു |

| | | |
|---|---|---|
| | | പ്രവർത്തിപ്പിക്കുവാൻ സാധ്യമല്ല. |
| ഇ | രജിസ്ട്രേഷൻ വകുപ്പിൽ നിന്നുള്ള വരുമാനത്തിൽ ഈ സർക്കാർ വന്നശേഷം വർദ്ധനവുണ്ടായിട്ടുണ്ടോ. എങ്കിൽ വിശദമാക്കാമോ ? | ഉണ്ട്.<br>സാമ്പത്തിക വർഷം<br>2005-06 ൽ 988.24 കോടിരൂപയും<br>2006-07 ൽ 1363.08 കോടിരൂപയും<br>2007-08 ൽ 1696.60 കോടി രൂപയുമാണ് രജിസ്ട്രേഷൻ വകുപ്പിന്റെ റവന്യൂ വരുമാനം. ഇതിൽ നടപ്പ് സാമ്പത്തിക വർഷത്തെ കണക്ക് ഫെബ്രുവരിമാസം വരെയുള്ളതാണ് ചേർത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.223 — 13.3.2006 -ൽ മറുപടിക്ക്

## കുടുംബശ്രീയുടെ 'സമഗ്ര' പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എം.ആരിഫ്<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) കുടുംബശ്രീ യൂണിറ്റുകൾ ഉല്പാദനമേഖലയിൽ കടന്നുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ; | (എ) | ഉണ്ട്. |
| (ബി) ഉല്പാദനമേഖലയിലേക്കു കടന്നുവരുന്ന കുടുംബശ്രീ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്.<br>നൂതന സംരംഭങ്ങളുമായി ഉൽപാദന മേഖലയിൽ ചുവടുറപ്പിക്കുന്ന കുടുംബശ്രീ അംഗങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പ്രത്യേക പദ്ധതികൾ കുടുംബശ്രീയിൽ നിലവിലുണ്ട്<br>വിശദാംശങ്ങൾ അനുബന്ധം-I ൽ ചേർത്തിട്ടുണ്ട് |

| | | |
|---|---|---|
| i) | കുടുംബശ്രീ സംരംഭമായ 'സമഗ്ര'യുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ? | (സി) കാർഷിക ഗ്രാമീണ മേഖലയിലെ ദാരിദ്ര്യ ലഘൂകരണം, വരുമാന വർദ്ധനവ്, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയ ലക്ഷ്യത്തോടെ ഓരോ ജില്ലയിലും ഏതെങ്കിലും ഒരു വിദ്യയെയോ, ഉൽപന്നത്തെയോ തൊഴിലിനേയോ അടിസ്ഥാനമാക്കി പ്രാദേശിക ഉൽപാദന വിപണന ശൃംഖല സൃഷ്ടിക്കുന്ന പദ്ധതിയാണ് സമഗ്ര. ഉല്പാദനക്ഷമത ഉയർത്തുക, ഗുണമേന്മ വർദ്ധിപ്പിക്കുക, ഉല്പന്ന വൈവിധ്യവൽക്കരണം സാധ്യമാക്കുക, വിപണി ഉറപ്പാക്കുക, എന്നിവ സാധ്യമാക്കുന്നതിലേക്കായി ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോഗത്തിൽ വരുത്തുമ്പോൾ, അതിന് ആവശ്യമായ പ്രാദേശിക കാര്യശേഷിവികാസവും/സ്ഥായീകരണവും പദ്ധതി വിഭാവനം ചെയ്യുന്നു തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, ജില്ലകളിൽ സമഗ്രപദ്ധതി നടപ്പിലാക്കി തുടങ്ങി. വിശദാംശങ്ങൾ അനുബന്ധം-2 ൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

വിവിധ സൂക്ഷ്മസംരംഭ തൊഴിൽ പദ്ധതികളിലൂടെ കുടുംബശ്രീ വനിതകൾ ഉൽപാദന മേഖലയിൽ ആരംഭിച്ചിട്ടുള്ള ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ആക്റ്റിവിറ്റി | ഗ്രൂപ്പുകളുടെ എണ്ണം |
|---|---|---|
| 1. | സോപ്പ് നിർമ്മാണം | 76 |
| 2. | ക്ഷീരോൽപന്ന നിർമ്മാണം | 63 |
| 3. | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം | 82 |
| 4. | പേപ്പർ കവർ /പേപ്പർബാഗ് നിർമ്മാണം | 64 |
| 5. | വെളിച്ചെണ്ണ നിർമ്മാണം | 126 |
| 6. | കയർമാറ്റ് നിർമ്മാണം | 29 |
| 7. | കറി പൗഡർ നിർമ്മാണം | 49 |
| 8. | കുട നിർമ്മാണം | 36 |
| 9. | ബുക്ക് നിർമ്മാണം | 45 |
| 10. | ഭക്ഷ്യഉൽപന്നങ്ങൾ | 55 |
| 11. | അച്ചാർ നിർമ്മാണം | 28 |
| 12. | ബാഗ് നിർമ്മാണം | 23 |
| 13. | കയർ/കയർ ഉൽപന്നങ്ങൾ | 17 |
| 14. | തുണി ബാഗ് നിർമ്മാണം | 21 |
| 15. | മുള ഉൽപന്നങ്ങൾ | 11 |
| 16. | ചെരുപ്പ് നിർമ്മാണം | 14 |
| 17. | നാളികേര ഉൽപന്നങ്ങൾ | 10 |
| 18. | നോട്ട് ബുക്ക് നിർമ്മാണം | 28 |
| 19. | കരകൗശല ഉൽപന്നങ്ങൾ | 33 |
| 20. | കളിപ്പാട്ട നിർമ്മാണം | 9 |
| 21. | മെഴുകുതിരി നിർമ്മാണം | 22 |
| 22. | മൺപാത്രനിർമ്മാണം | 10 |
| 23. | പൂരക പോഷകാഹാര നിർമ്മാണം | 393 |
| 24. | പാള പ്ലേറ്റ് നിർമ്മാണം | 2 |
| 25. | ഹോളോ ബ്രിക്സ് നിർമ്മാണം | 5 |
| 26. | മത്സ്യബന്ധനോപകരണങ്ങൾ | 1 |

| | | |
|---|---|---|
| 27. | സാനിറ്ററി നാപ്കിൻ നിർമ്മാണം | 1 |
| 28. | ആയുർവേദ ഉൽപ്പന്നങ്ങൾ | 1 |
| 29. | പാട്ടകൃഷി | (ഹരിതശ്രീ കണ്ടാലും) |
| | ആകെ | 1252 |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

പാടിപ്പതിഞ്ഞസംരംഭങ്ങളിൽ നിന്നും വ്യത്യസ്തമായി നൂതനമായ തൊഴിൽ സംരംഭങ്ങളിൽ/മേഖലകളിൽ ചുവടുറപ്പിക്കുന്ന കുടുംബശ്രീ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി ചുവടെ ചേർക്കുന്ന ഫണ്ടുകളിലൂടെ ധനസഹായം ലഭ്യമാക്കിവരുന്നു

1) **ടെക്നോളജി ഫണ്ട്**

കുടുംബശ്രീ അംഗങ്ങളുടെ നൂതന സംരംഭങ്ങൾക്കാവശ്യമായ ആധുനിക ടെക്നോളജി ഗവേഷണസ്ഥാപനങ്ങളിൽ നിന്നും,യൂണിവേഴ്സിറ്റികളിൽ നിന്നും, മറ്റ് ഗവൺമെന്റിതര ഏജൻസികളിൽ നിന്നും കരസ്ഥമാക്കുന്നതിനാണ് ടെക്നോളജി ഫണ്ട് നൽകിവരുന്നത്.

2) **ഇന്നവേഷൻ ഫണ്ട്.**

നൂതനമായ തൊഴിൽ മേഖലകളിലേക്ക് പ്രവേശിക്കുന്ന കുടുംബശ്രീ സംരംഭകർ തുടക്കത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന റിസ്കും, മൂലധനനിക്ഷേപതോതും കുറയ്ക്കുന്നതിനായാണ് ഇന്നവേഷൻ ഫണ്ട് നൽകിവരുന്നത്.സബ്സിഡിയായി നൽകുന്ന തുകഅടക്കം ആകെ പ്രോജക്ട് കോസ്റ്റിന്റെ 50% എന്ന പരിധിക്ക് വിധേയമായി 2.5 ലക്ഷം രൂപവരെ ഇന്നവേഷൻ ഫണ്ടിൽ നിന്നും ധനസഹായം അനുവദനീയമാണ്.

ഉൽപാദന മേഖലയിലെ സമാന കുടുംബശ്രീ സംരംഭങ്ങളെ ഒരു പൊതു സംവിധാനത്തിനു കീഴിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി കോമൺ ഫെസിലിറ്റി സെന്ററുകളുടെയും, ക്ലസ്റ്ററുകളുടെയും രൂപീകരണത്തിന് പദ്ധതിയാവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി അനുപൂരക ഭക്ഷ്യ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബശ്രീ യുണിറ്റുകളെ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും കോമൺഫെസിലിറ്റിസെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി യൂണിറ്റുകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, ആവർത്തന ചെലവ് കുറച്ച്, ലാഭം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ക്രമേണ ഇത് മറ്റ് സംരംഭങ്ങളിലേക്കും വ്യാപിപ്പിക്കുന്നതാണ്

223-d

3) ഹരിതശ്രീ (ലീസ് ലാന്റ് ഫാമിംഗ്)

അയൽക്കൂട്ടങ്ങളിലെ വനിതകൾ തരിശ് ഇട്ടിരിക്കുന്ന കൃഷി ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്തുവരുന്നുണ്ട്. ഈ സംരംഭത്തിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ഒരു നിശ്ചിത ഉല്പാദനക്ഷമത കൈവരിക്കുന്നവർക്ക് സബ്സിഡി/ ഇൻസെന്റീവ് എന്നിവ നൽകി വരുന്നു. അവയുടെ വിശദാംശം ചുവടെചേർക്കുന്നു.

| ക്രമ നം. | വിള | ഒരു ഹെക്ടർ യൂണിറ്റിന് ആവശ്യമായ ചെലവ് (രൂപയിൽ) | പ്രോഡക്ഷൻ ഇൻസെന്റീവ് (രൂപയിൽ) | | | | | |
|---|---|---|---|---|---|---|---|---|
| | | | വിസ്തീർണ്ണം (ഹെക്ടറിൽ) | | പ്രോഡക്ഷൻ ഇൻസെന്റീവ് | | ആകെ | |
| | | | സ്വന്തം നിലം | പാട്ട നിലം | സ്വന്തം നിലം | പാട്ട നിലം | സ്വന്തം നിലം | പാട്ട നിലം |
| 1 | നെല്ല് (ഭാഗികമായ യന്ത്രവൽക്കരിക്കപ്പെട്ടത്) | 30000 | 3000 | 4500 | 3000 | 3000 | 6000 | 7500 |
| 2 | സുഗന്ധ നെല്ല് (ഓർഗാനിക്) | 45000 | 4500 | 6750 | 4500 | 4500 | 9000 | 11250 |
| 3 | കപ്പ | 30000 | 1500 | 3000 | 1500 | 1500 | 3000 | 4500 |
| 4 | പന്തലിട്ട് വളർത്തുന്ന പച്ചക്കറിയിനങ്ങൾ | 92500 | 4625 | 9250 | 4625 | 4625 | 9250 | 13875 |
| 5 | പന്തലിടാതെ വളർത്തുന്ന പച്ചക്കറിയിനങ്ങൾ | 77500 | 3875 | 7750 | 3875 | 3875 | 7750 | 11625 |
| 6 | മറ്റ് പച്ചക്കറികൾ | 62500 | 3125 | 6250 | 3125 | 3125 | 6250 | 9375 |
| 7 | നേന്ത്രൻ | 135000 | 6750 | 13500 | 6750 | 6750 | 13500 | 20250 |
| 8 | മറ്റ് വാഴയിനങ്ങൾ | 100000 | 5000 | 10000 | 5000 | 5000 | 10000 | 15000 |
| 9 | ചുവന്ന കപ്പപഴം | 130000 | 6500 | 13000 | 6500 | 6500 | 13000 | 19500 |
| 10 | എള്ള് | 12000 | 600 | 1200 | 600 | 600 | 1200 | 1800 |
| 11 | കൈതച്ചക്ക | 140000 | 7000 | 14000 | 7000 | 7000 | 14000 | 21000 |
| 12 | ഇഞ്ചി, മഞ്ഞൾ | 75000 | 3750 | 7500 | 3750 | 3750 | 7500 | 11250 |
| 13 | കൂവ | 50000 | 2500 | 5000 | 2500 | 2500 | 5000 | 7500 |
| 14 | ചേന, ചേമ്പ്, കാച്ചിൽ | 75000 | 3750 | 7500 | 3750 | 3750 | 7500 | 11250 |

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വാഴ മുഖ്യവിളയായെടുത്ത് കൃഷി മുതൽ മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ സംസ്കരണം തുടങ്ങി വിപണനം വരെയുള്ള കാര്യങ്ങൾ ആസൂത്രിതമായി നടപ്പിലാക്കുന്നതിലേയ്ക്ക് 42.66 കോടി രൂപ അടങ്കലുള്ള ഒരു പരിപാടി സമഗ്രയിൽ ഉൾപ്പെടുത്തി 2007 ജൂൺ 21 മുതൽ നടപ്പിലാക്കിതുടങ്ങി.. 30000 കുടുംബങ്ങളിലെ 1,20,000 പേർ ഗുണഭോക്താക്കളായി വരുന്ന സമഗ്രയിൽ ത്രിതല പഞ്ചായത്തുകൾക്കു പുറമേ കുടുംബശ്രീ മിഷൻ, സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷൻ, കാർഷിക സർവ്വകലാശാല, കൃഷിവകുപ്പ്, എസ്.ബി.ഐ, പ്രോവിൻസ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവർ പദ്ധതിയിൽ ഭാഗഭാക്കാവുന്നു.

വിവിധ ജില്ലകളിലായി നടപ്പിലാക്കാനാവിഷ്കരിച്ചിട്ടുള്ള സമഗ്ര പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | സമഗ്ര | പ്രോജക്ട് വിവരം | അടങ്കൽ തുക |
|---|---|---|---|---|
| 1. | തിരുവനന്തപുരം | | വാഴക്കൃഷി | 42.66 കോടി |
| 2. | എറണാകുളം | തിരുമധുരം | കൈതച്ചക്കയും മൂല്യവർദ്ധിത ഉത്പ്പന്നങ്ങളും | 33.48 കോടി |
| 3 | പത്തനംതിട്ട | മധുരം | തേനും തേൻ ഉത്പ്പന്നങ്ങളും | 31.44 കോടി |
| 4 | ആലപ്പുഴ | മാതാതി മഷ്റൂം | കൂണും കൂൺ ഉത്പ്പന്നങ്ങളും | 173.6 ലക്ഷം |
| 5 | തൃശൂർ | നിവേദ്യം | പൂജക്കദളി | 51.16 ലക്ഷം |
| 6 | മലപ്പുറം | സാമൂഹ്യാധിഷ്ഠിത പരമ്പ് നിർമ്മാണം | പരമ്പ് നിർമ്മാണം | 13.64 ലക്ഷം |
| 7 | കണ്ണൂർ | ആടുഗ്രാമം | ആടും ആട്ടിറച്ചിയും | പ്രോജക്ട് നിർമ്മാണത്തിൽ |

1. എറണാകുളം ജില്ലയിൽ കൈതച്ചക്ക മുഖ്യവിളയായെടുത്ത് കൈതച്ചക്കയുടെ മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ഉണ്ടാക്കി ഉത്പാദന വിപണന ശൃംഖല സൃഷ്ടിക്കുന്നതിലേയ്ക്ക് കുടുംബശ്രീ മിഷൻ നടുക്കര അഗ്രോ പ്രോസസ്സിംഗ് കമ്പനി, സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ മിഷൻ, വാണിജ്യബാങ്ക്, കൃഷിവകുപ്പ്, കാർഷിക സർവ്വകലാശാല എന്നിവരുടെ സഹകരണത്തോടെ 33.48 കോടി രൂപ അടങ്കലുള്ള 'തിരുമധുരം' പ്രോജക്ടിന് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

2. ബൃഹത്തായ ഒരു തേനുൽപാദനവിപണന ശൃംഖലാ രൂപീകരണം, തേനുൽപന്നങ്ങളുടെ വൈവിധ്യവൽക്കരണം, ദേശീയ/അന്തർദേശീയ വിപണി സാധ്യമാക്കൽ തദ്വാരാ പ്രാദേശിക സാമ്പത്തികമേഖലയ്ക്ക് ഉണർവ്വ് പകരൽ എന്നീ ലക്ഷ്യങ്ങളോടെ 31.44 കോടി രൂപ അടങ്കലുള്ള ഒരു തേൻ ഉത്പാദന വിപണന പ്രോജക്ട് ''മധുരം'' എന്ന പേരിൽ പത്തനംതിട്ട ജില്ലയിൽ ആരംഭിച്ചു കഴിഞ്ഞു. ഇതിലേയ്ക്കാവശ്യമുള്ള പരിശീലനങ്ങളും ആരംഭിച്ചു കഴിഞ്ഞു. 1300.49 ലക്ഷം രൂപ കുടുംബശ്രീ വിഹിതമുള്ള മധുരം പ്രോജക്ടിൽ ബാക്കി തുക ത്രിതല പഞ്ചായത്തുകൾ (373 ലക്ഷം), ഹോർട്ടികൾച്ചറൽ മിഷൻ (280 ലക്ഷം), ബാങ്ക് വായ്പ (874.62 ലക്ഷം), നബാർഡ് (210.09 ലക്ഷം), ഗുണഭോക്തൃ വിഹിതം (105.909 ലക്ഷം) എന്നിവയിലൂടെ കണ്ടെത്താനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

3. കൂൺ ഉത്പാദന വിപണന ശൃംഖല സൃഷ്ടിക്കുന്ന സമഗ്രയാണ് മാരാരി മഷ്റൂം എന്ന പേരിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത്, മാരി മാർക്കറ്റിംഗ് കമ്പനി, കുടുംബശ്രീ മിഷൻ, മറ്റു ത്രിതല പഞ്ചായത്തുകൾ എന്നിവരുടെ സംയുക്ത സംരംഭമായി തുടങ്ങാൻ ലക്ഷ്യമിടുന്നത്. ഇതിലേയ്ക്ക് 173.6 ലക്ഷം രൂപ അടങ്കലുള്ള 'മാരാരി മഷ്റൂം' പ്രോജക്ട് തയ്യാറാക്കി ഡി.പി.സി.യുടെ അംഗീകാരത്തിന് ജില്ലാ പഞ്ചായത്ത് സമർപ്പിച്ചു കഴിഞ്ഞു. അശ്വതി മഷ്റൂം എന്ന സ്വകാര്യ സംരംഭകരുടെ വൈദഗ്ധ്യവും മാരി മാർക്കറ്റിംഗ് കമ്പനിയുടെ സ്പോൺ ഉത്പാദനം, മാർക്കറ്റിംഗ് എന്നീ മേഖലകളിലെ സേവനങ്ങളും കരാറടിസ്ഥാനത്തിൽ ലഭ്യമാക്കും.

4. വംശനാശം നേരിടുന്ന പൂജക്കദളി വാഴയുടെ സംരക്ഷണവും വ്യാപനവും ലക്ഷ്യമിട്ട് കൊടകര ബ്ലോക്ക് പഞ്ചായത്ത്, കുടുംബശ്രീ, ഗുരുവായൂർ ദേവസ്വം എന്നിവർ ചേർന്ന് സംയുക്തമായി നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പ്രോജക്ടാണ് നിവേദ്യം. ഗുരുവായൂർ ദേവസ്വത്തിനാവശ്യമുള്ള പൂജക്കദളി ഉത്പാദിപ്പിച്ച് ദിവസേന ക്ഷേത്രത്തിലെത്തിക്കുന്നതിനുള്ള പ്രോജക്ടിന്റെ അടങ്കൽ തുക 51.16 ലക്ഷം രൂപയാണ്. ഇതിലേയ്ക്കുള്ള ധാരണാ പത്രം ഗുരുവായൂർ ദേവസ്വം കുടുംബശ്രീ മിഷൻ, കൊടകര ബ്ലോക്ക് പഞ്ചായത്ത് എന്നിവർ ചേർന്ന് 2008 ജനുവരി 9-ന് ഒപ്പുവച്ചു. കൊടകര ബ്ലോക്കിലെ ഏഴു പഞ്ചായത്തുകളിൽ കൃഷി ഭവനുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ വാഴനാര് ഉല്പാദനം, വെർമീകംപോസ്റ്റ് നിർമ്മാണം, സംഭരണ വിപണന കേന്ദ്രം എന്നിവയും സ്ഥാപിക്കും.

5. കുടുംബശ്രീ നടപ്പിലാക്കിയ 'താഹ' പരിപാടിയിൽ റീഹാബിലിറ്റേഷന് വിധേയരാക്കേണ്ട 15 വനിതകൾ ഉൾപ്പെടെ 30 യുവതികളെ ഉൾപ്പെടുത്തി പരമ്പരാഗത തൊഴിലായ പരമ്പ് നെയ്ത്തിന്റെ ആധുനികവത്ക്കരണം ലക്ഷ്യമിട്ട് മലപ്പുറം ജില്ലയിലെ വഴിക്കടവ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ സാമൂഹ്യാധിഷ്ഠിത പരമ്പ് നിർമ്മാണ സമഗ്ര പ്രോജക്ടിന്റെ അടങ്കൽ തുക 13.64 ലക്ഷമാണ്. ജില്ലാ കുടുംബശ്രീ മിഷൻ, ബാംബൂ ഡെലപ്പ്മെന്റ് കോർപ്പറേഷൻ, വഴിക്കടവ് ഗ്രാമപഞ്ചായത്ത് എന്നിവർ സംയുക്തമായി നടപ്പിലാക്കുന്ന പരമ്പരാഗത തൊഴിൽ വികസന പ്രോജക്ട് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു കഴിഞ്ഞു.

6. ആട് വളർത്തൽ, പാൽ, ഇറച്ചി എന്നിവയുടെ ഉത്പാദനവും, അവയുടെ മൂല്യവർദ്ധനവും ലക്ഷ്യമിട്ടുള്ള ഒരു ജില്ലാതല സമഗ്ര പദ്ധതിയാണ് കണ്ണൂർ ജില്ലാ പഞ്ചായത്ത്, കുടുംബശ്രീ വഴി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. ഇതിലേയ്ക്കുള്ള പ്രോജക്ട് തയ്യാറാക്കി വരുന്നു.

7. ഇഞ്ചി, ഇഞ്ചി ഉത്പന്നങ്ങൾ എന്നിവയുടെ ഉത്പാദന വിപണന ശൃംഖല സൃഷ്ടിക്കുന്നതിനുള്ള സമഗ്ര പ്രോജക്ട് വയനാട് ജില്ലാ പഞ്ചായത്ത്, കുടുംബശ്രീ മിഷൻ, സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷൻ എന്നിവരുമായി ചേർന്ന് തയ്യാറാക്കി ഡി.പി.സി.യുടെ അംഗീകാരത്തിനായി സമർപ്പിക്കും.

സെക്രട്ടറി ചെയർമാൻ

കേരള സർക്കാർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 224– 13.3.2008 ൽ ബഹു.ധനകാര്യ മന്ത്രി മറുപടി പറയേണ്ടത്

## ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| (1) ശ്രീമതി കെ.എസ്.സലീഖ<br>(2) ശ്രീ.എസ്.രാജേന്ദ്രൻ<br>(3) ശ്രീ.എ.പ്രദീപ് കുമാർ<br>(4) ശ്രീ.മഞ്ഞളാംകുഴി അലി<br>(5) ശ്രീ.ആർ.സെൽവരാജ് | ഡോ.തോമസ് ഐസക്<br>ബഹു.ധനകാര്യ വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപം കുറഞ്ഞുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | ഉണ്ട്. സ്ഥാപനങ്ങൾ മുഖേനയുള്ള നിക്ഷേപം കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയതും,മാസവരുമാന പദ്ധതിയ്ക്ക് നൽകി വന്നിരുന്ന ബോണസ് കേന്ദ്രം നിർത്തലാക്കിയതും,കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് പിൻവലിക്കപ്പെടുന്ന മാസവരുമാന പദ്ധതി നിക്ഷേപങ്ങൾക്ക് പിഴപ്പലിശ ഏർപ്പെടുത്തിയതും, ദേശസാൽകൃത ബാങ്കുകളിൽ പലിശ ഇനത്തിൽ വന്ന വർദ്ധനവിന് ആനുപാതികമായി ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് വർദ്ധിപ്പിക്കാത്തതുമായ കാര്യങ്ങൾ ദേശീയ സമ്പാദ്യ പദ്ധതിയിലേക്കുള്ള നിക്ഷേപം ഗണ്യമായി കുറയാൻ കാരണമായിട്ടുണ്ട്. |

| | |
|---|---|
| (ബി) 2007-2008-ൽ ദേശീയ സമ്പാദ്യ പദ്ധതിയിൽ നിന്ന് എത്ര കോടി രൂപ വായ്പ എടുക്കുന്നതിനാണ് കേന്ദ്ര ആസൂത്രണ കമ്മീഷൻ അനുമതി നൽകിയത്. എത്രകോടി രൂപ വായ്പ എടുത്തു; | 2007-2008-ൽ 2487കോടി രൂപ വായ്പ എടുക്കുന്നതിന് ആസൂത്രണ കമ്മീഷൻ അനുമതി നൽകി എങ്കിലും 180.45 കോടി രൂപയാണ് ദേശീയ സമ്പാദ്യ പദ്ധതിയിൽ നിന്നും വായ്പ ലഭിച്ചത്. |
| (സി) മഹിളാപ്രധാൻ / എസ്.എ.എസ്. ഏജന്റുമാർക്ക് അലവൻസ് കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | 2007 ജൂൺ മാസം വരെയുള്ള അലവൻസ് കുടിശ്ശിക വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. 2007 ജൂലൈ മാസം മുതൽ ഡിസംബർ 2007 വരെയുള്ള (6മാസ) കാലയളവിലെ അലവൻസ് കുടിശ്ശിക ഉടൻ വിതരണം ചെയ്യുന്നതാണ്. |
| (ഡി) ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപം വർദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | ഓരോജില്ലയ്ക്കും നിക്ഷേപ ലക്ഷ്യം നൽകികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.കൂടാതെ ഓരോ ജില്ലയിലെയും ഉദ്യോഗസ്ഥർക്കും ഏജന്റുമാർക്കും പ്രത്യേകമായി നിക്ഷേപ ലക്ഷ്യം നൽകി അവരുടെ പ്രവർത്തനം ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും വിലയിരുത്തിവരുന്നു. നിക്ഷേപസമാഹരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഏജന്റുമാർക്ക് സർക്കാർ തലത്തിൽ പ്രോത്സാഹന അലവൻസും വാർഷിക ബോണസും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: 225

13.03.2008-ൽ മറുപടിയ്ക്ക്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ.എം.ഹംസ :<br>ശ്രീ.എ.സി.മൊയ്തീൻ:<br>ശ്രീ.ആർ.സെൽവരാജ്:<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി: | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിന് എം.പി.മാരും എം.എൽ.എ. മാരും ഉൾപ്പെട്ട മോണിട്ടറിംഗ് കമ്മിറ്റികൾ എല്ലാ ജില്ലയിലും രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്നും പദ്ധതികൾ നടപ്പാക്കുന്നതിൽ എന്തുമാത്രം പുരോഗതി ഉണ്ടെന്നും വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്. വിവിധ കേന്ദ്രവിഷ്കൃത ഗ്രാമവികസന പരിപാടികളുടെ നടപ്പ് വർഷത്തെ സാമ്പത്തിക ഭൗതിക പുരോഗതി അനുബന്ധമായി കൊടുത്തിരിയ്ക്കുന്നു. |
| (സി) | പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (സി) | പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമപ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| പദ്ധതിയുടെ പേര് | മുൻ വർഷത്തെ നീക്കിയിരുപ്പ് ഉൾപ്പടെ ആകെ ലഭ്യ മായ തുക (രൂപ ലക്ഷ ത്തിൽ) | നടപ്പുവർഷം ചെലവഴിച്ച തുക (രൂപ ലക്ഷ ത്തിൽ) | നടപ്പുവർഷത്തെ ഭൗതിക നേട്ടം |
|---|---|---|---|
| എസ്.ജി.എസ്.വൈ | 4046.78 | 3061.43 | സഹായം ലഭ്യമാക്കിയ ഗ്രൂപ്പുകൾ - 1470<br>സഹായം ലഭ്യമാക്കിയ വ്യക്തികൾ - 5654 |
| എസ്.ജി.ആർ. വൈ | 10594.71 | 7754.48 | സൃഷ്ടിച്ച മനുഷ്യാധ്വാന ദിനങ്ങൾ - 52.84 ലക്ഷം<br>ഏറ്റെടുത്ത പ്രവൃത്തികൾ — 14162<br>പൂർത്തീകരിച്ച പ്രവൃത്തികൾ - 6233 |
| ഐ.എ.വൈ | 9671.52 | 6723.16 | പൂർത്തീകരിച്ച പുതിയ വീടുകൾ - 14516<br>പുനരുദ്ധരിച്ച വീടുകൾ - 4610<br>ക്രെഡിറ്റ്-കം-സബ്സിഡി പ്രകാരംപൂർത്തീകരിച്ച വീടുകൾ -402 |
| എൻ.ആർ. ഇ.ജി.എസ് | 4568.27 | 3300.53 | സൃഷ്ടിച്ച മനുഷ്യാധ്വാന ദിനങ്ങൾ - 25.69 ലക്ഷം |
| പി.എം.ജി.എസ്.വൈ | 4933.00 | 3853.00 | പൂർത്തീകരിച്ച റോഡുകൾ - 44<br>പൂർത്തീകരിച്ച റോഡുകളുടെ ദൂരം - 111.72 കി.മീ |
| ഹരിയാലി | 974.97 | 554.90 | മണ്ണ്, ജല സംരക്ഷണം - യൂണിറ്റ് -564<br>ഏരിയ - 1411.70 ഹെക്ടർ<br>മഴകൊയ്ത്ത് - യൂണിറ്റ് -754<br>ഏരിയ - 2292.2 ഹെക്ടർ |
| ടോട്ടൽ സാനിട്ടേഷൻ കാംപയിൻ | 2424.72 | 1850.62 | വ്യക്തിഗത കക്കൂസ്(ബി.പി.എൽ) -230941<br>സാനിട്ടറി കോംപ്ലക്സ് -42<br>സ്കൂൾ ടോയ്‌ലറ്റ് -487<br>ബാലവാടി ടോയ്‌ലറ്റ് -1054<br>റൂറൽ സാനിറ്ററി മാർട്ട് - 2 |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 226

13.03-2008-ലെ മറുപടിക്ക്

### നികുതി ചോർച്ച

**ചോദ്യം**

ശ്രീ. വി. ശശികുമാർ
ശ്രീ. എം. പ്രകാശൻ മാസ്റ്റർ
ശ്രീ. രാജു എബ്രഹാം
ശ്രീ. വി.കെ. തങ്കപ്പൻ
ശ്രീ. എ.എം. യൂസഫ്

**ഉത്തരം**

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
(തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി)

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി ചോർച്ച തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എ) സംസ്ഥാനത്തെ നഗരസഭകളും ഗ്രാമ പഞ്ചായത്തുകളും നികുതി ചോർച്ച തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നഗരസഭകളിൽ എല്ലാ മാസവും നഗരസഭാ സെക്രട്ടറിമാരുടെ പ്ലാൻ റിവ്യൂ മീറ്റിംഗിൽ നികുതി പിരിച്ചെടുക്കുന്നതിൽ നഗരസഭകളുടെ പുരോഗതി വിലയിരുത്തുകയും, കുടിശ്ശികയുള്ള നികുതി പിരിച്ചെടുക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രത്യേക കണക്കുകളും ഡി.സി.ബി.യും മിക്കനഗരസഭകളിലും പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്ത് പ്രദേശങ്ങളിൽ പ്രവർത്തിച്ചു വരുന്ന വിവിധ സ്ഥാപനങ്ങൾ, പ്രൊഫഷണലുകൾ, സിനിമാതീയേറ്ററുകൾ, വീഡിയോ ലൈബ്രറി ഉടമകൾ എന്നിവരിൽ നിന്നും തൊഴിൽ കരം ഈടാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(ബി) കെട്ടിട നികുതി കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി പലിശ ഇളവു നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയതിന്റെ ഫലമായി എന്തു നേട്ടം

(ബി) കെട്ടിട നികുതിയിന്മേലുള്ള പിഴപലിശ ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയതുമൂലം 2006-07 സാമ്പത്തിക വർഷത്തിൽ 10 കോടിയോളം രൂപ കുടിശ്ശിക നികുതിയിനത്തിൽ

| | | | |
|---|---|---|---|
| | കൈവരിക്കാനായി; | | സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് പിരിഞ്ഞു കിട്ടിയിട്ടുണ്ട്.2007-08 സാമ്പത്തിക വർഷം നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മൂലം സംസ്ഥാനത്തെ കോർപ്പറേഷനുകൾ 12 കോടിയോളം രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് മുനിസിപ്പാലിറ്റികളിൽ നിന്നുള്ള വിവരം ശേഖരിച്ചു വരുന്നു. |
| (സി) | കെട്ടിട നികുതി, വിനോദ നികുതി തുടങ്ങിയവയ്ക്ക് ഇളവുകൾ അനുവദിക്കുന്ന കാര്യത്തിൽ എന്തെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. | (സി) | 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 235 പ്രകാരവും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 207 പ്രകാരവും വസ്തു നികുതി (കെട്ടിടനികുതി) ഒഴിവാക്കപ്പെട്ടിട്ടുള്ളവയല്ലാത്ത കെട്ടിടങ്ങൾക്ക് കെട്ടിട നികുതിയിൽ നിന്നും യാതൊരു ഇളവും അനുവദിയ്ക്കുന്നില്ല. വിമുക്ത ഭടന്മാരുടെയും അവരുടെ വിധവകളുടെയും പേരിലുള്ള വസ്തു നികുതി, വിവിധ പദ്ധതികൾ മുഖേന പഞ്ചായത്ത് ധനസഹായം നല്കി നിർമ്മിക്കുന്ന വീടുകൾ, 30 $M^2$ ന് താഴെയുള്ള കെട്ടിടങ്ങൾ എന്നിവയെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ വിനോദ നികുതിയിൽ ഓരോ കേസ്സിന്റെയും യോഗ്യത അനുസരിച്ച് 75% വരെ നികുതിയിൽ ഇളവനുവദിച്ച് കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ്സ് ടാക്സ് ആക്റ്റ് 7 (A) വകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 227 13.03.2008 -ൽ മറുപടി നൽകേണ്ടത്

## കൈവശഭൂമിയുടെ പരിധി

ചോദ്യം

ശ്രീ.ചേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ.ബാബു :

മറുപടി

ശ്രീ. കെ.പി. രാജേന്ദ്രൻ

(റവന്യൂ വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിലുള്ള ഭൂപരിഷ്ക്കരണ നിയമത്തിൽ കാതലായ ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉദ്ദേശമില്ല. |
| (ബി) | പ്ലാന്റേഷൻ ഭൂമിക്ക് പരിധി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പ്ലാന്റേഷൻ ഭൂമിക്ക് പരിധി ഏർപ്പെടുത്താനുള്ള നിർദ്ദേശങ്ങളൊന്നും ഇല്ല |
| (സി) | പ്ലാന്റേഷൻ ഉടമകൾ സർക്കാർ ഭൂമി കയ്യേറിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഉദ്ദേശമുണ്ടോ; | (സി) | കയ്യേറ്റങ്ങൾ പരിശോധിക്കാൻ ഇപ്പോൾത്തന്നെ സംവിധാനങ്ങൾ ഉണ്ട്. |
| (ഡി) | എങ്കിൽ ഏത് തീയതിക്കുള്ളിൽ എന്ന് വ്യക്തമാക്കാമോ; | (ഡി) | കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടുകഴിയുമ്പോൾത്തന്നെ പരിശോധിക്കാറുണ്ട്. |
| (ഇ) | മാഫിയകൾ നിയമവിരുദ്ധമായി ഭൂമി കൈയ്യടക്കിവെച്ചിട്ടുണ്ടോ; | (ഇ) | നിയമ വിരുദ്ധമായി ആര് ഭൂമി കയ്യേറ്റം നടത്തിയാലും അത് പരിശോധിച്ച് തിരികെ പിടിച്ചെടുക്കാൻ സംവിധാനമുണ്ട്. |
| (എഫ്) | ഇത് തിരിച്ചു പിടിക്കാൻ ഉദ്ദേശമുണ്ടോ; | (എഫ്) | |
| (ജി) | എങ്കിൽ എപ്രകാരമാണെന്ന് വിശദീകരിക്കുമോ; | (ജി) | |

| | | | |
|---|---|---|---|
| (എച്ച്) | വ്യക്തികൾക്കും കുടുംബങ്ങൾക്കും കൈവശം വെയ്ക്കാവുന്ന ഭൂമിയുടെ പരിധി കുറയ്ക്കാനുദ്ദേശമുണ്ടോ? | (എച്ച്) | ഇല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.228 13-3-2008-ൽ മറുപടിക്ക്

സംയോജിത പാർപ്പിട ചേരി വികസന പരിപാടി

ചോദ്യം

ശ്രീ.എം.കെ.പുരുഷോത്തമൻ
ശ്രീ.സി.എം.ദിനേശ് മണി
ശ്രീ.വി.ശിവൻകുട്ടി
ശ്രീ.ബി.രാഘവൻ
ശ്രീ.കെ.സി.കുഞ്ഞിരാമൻ

ഉത്തരം

ശ്രീ.പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംയോജിത പാർപ്പിട ചേരി വികസന പരിപാടിയിൽ എന്തെല്ലാം പ്രവർത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ) | നഗരപ്രദേശങ്ങളിലെ ചേരി നിവാസികൾക്ക് പര്യാപ്തമായ താമസ സൗകര്യവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിക്കൊണ്ടുള്ള പൂർണ്ണമായ ചേരി വികസനമാണ് സംയോജിത ഭവന നിർമ്മാണ ചേരിവികസന പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം ചേരികളിൽ താമസിക്കുന്നവർക്ക് പുതിയ വീടുകൾ, ഭവന പുനരുദ്ധാരണം, കുടിവെള്ള സൗകര്യം, ചേരികളിലെ റോഡുകൾ, നടപ്പാതകൾ, ഓടകൾ എന്നിവയുടെ നിർമ്മാണം, വൈദ്യുതീകരണം, അംഗൻവാടികൾ, സാമൂഹ്യ കേന്ദ്രങ്ങൾ എന്നിവ നടപ്പിലാക്കാവുന്നതാണ്. കൂടാതെ നിലവിലുള്ള ചേരികളിൽ താമസിക്കുന്നവരെ സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റി പാർപ്പിക്കലും (Slum Re-location) നടപ്പാക്കാവുന്നതാണ്. |
| (ബി) | പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് ഈ വർഷം എത്ര കോടി രൂപയുടെ പ്രവർത്തനങ്ങളാണ് നടത്തിയത്; | (ബി) | 25 നഗരസഭകളിലായി ആകെ 111.58 കോടി രൂപയുടെ പദ്ധതികൾക്ക് ഇതുവരെ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 87.84 കോടി രൂപ കേന്ദ്ര വിഹിതവും 9.48 കോടി രൂപ സംസ്ഥാന വിഹിതവും 7.11 കോടി രൂപ നഗരസഭാ വിഹിതവും 7.15 കോടി രൂപ ഗുണഭോക്തൃ വിഹിതവുമാണ്. |

| | | | |
|---|---|---|---|
| | | | കേന്ദ്ര വിഹിതമായി ലഭിച്ച 39.65 കോടി രൂപയിൽ 33.5 കോടി രൂപ നഗരസഭകൾക്ക് നൽകി കഴിഞ്ഞു. കൂടാതെ 4.45 കോടി രൂപ സംസ്ഥാന വിഹിതമായും നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല ആർക്കാണ്; | (സി) | പദ്ധതി നടത്തിപ്പിന്റെ ചുമതല ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കാണ്. സംസ്ഥാന തലത്തിൽ നോഡൽ ഏജൻസിയായി സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷനെ (കുടുംബശ്രീ)യാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | ജവഹർലാൽ നെഹ്റു നഗര ശുചീകരണ പരിപാടി നടപ്പാക്കുന്ന തിരുവനന്തപുരം, കൊച്ചി നഗരസഭകൾക്ക് ചേരികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ഡി) | ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ മിഷൻ പദ്ധതി നടപ്പിലാക്കുന്ന തിരുവനന്തപുരം, കൊച്ചി നഗരസഭകളിൽ പദ്ധതിയുടെ ഉപഘടകമായ ബേസിക് സർവ്വീസ്സസ് ഫോർ ദ അർബൻ പൂവർ (ബി.എസ്.യു.പി)യുടെ ഭാഗമായി ചേരികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് തിരുവനന്തപുരം നഗരസഭയ്ക്ക് മൂന്നു ഘട്ടങ്ങളിലായി ആകെ 168.19 കോടി രൂപയുടെയും കൊച്ചി നഗരസഭയ്ക്ക് മൂന്നു ഘട്ടങ്ങളിലായി 135.66 കോടി രൂപയുടെയും പദ്ധതികൾ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ |

| | | |
|---|---|---|
| | | കോർപ്പഷേൻ പ്രദേശം കൂടാതെ അടുത്തുള്ള കഴക്കൂട്ടം, ശ്രീകാര്യം, കുടപ്പനക്കുന്ന്, വട്ടിയൂർക്കാവ്, വിഴിഞ്ഞം തുടങ്ങിയ ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെടും. കൊച്ചി നഗരസഭയുടെ പ്രോജക്റ്റിൽ കോർപ്പറേഷൻ പ്രദേശം കൂടാതെ തൃപ്പൂണിത്തുറ, കളമശ്ശേരി നഗരസഭകളും ചെല്ലാനം, കടമക്കുടി ഇളംകുന്നപ്പുഴ, ഞാറയ്ക്കൽ, മുളവുകാട്, ചേരാനല്ലൂർ, ഏലൂർ, വാരാപ്പുഴ, തൃക്കാക്കര, തിരുവാങ്കുളം, മരട്, കുമ്പളം, കുമ്പളങ്ങി തുടങ്ങി 13 ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടും. തിരുവനന്തപുരം കോർപ്പറേഷനിൽ 11 ചേരികളുടെ സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിലൂടെ 11478 പുതിയ വീടുകളും, 25.22 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുമാണ് തിരുവനന്തപുരം നഗരസഭയിൽ നടപ്പിലാക്കുന്നത്. കൊച്ചി നഗരസഭയിൽ 21 ചേരികളുടെ വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. 9684 പുതിയ വീടുകളും 12.28 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുമാണ് കൊച്ചി നഗരസഭയുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഇ) | പദ്ധതി പ്രകാരം ഈ നഗരങ്ങളിലെ ചേരി പ്രദേശങ്ങളിലുള്ളവർക്ക് എത്ര വീട് നിർമ്മിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (ഇ) | ഐ.എച്ച്.എസ്.ഡി.പി.പദ്ധതി നടപ്പിലാക്കുന്ന 25 നഗരസഭകളിലായി 6417 വീടുകൾ നിർമ്മിക്കുന്നതിനും. തിരുവനന്തപുരം കൊച്ചി നഗരസഭകളിൽ ബി.എസ്.യു.പി പദ്ധതി പ്രകാരം 21,162 വീടുകൾ നിർമ്മിക്കുന്നതിനുമാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 229 — 13-03-2008-ൽ മറുപടിയ്ക്ക്

## കോവളം കൊട്ടാര ഭൂമിയ്ക്ക് പട്ടയം

| ചോദ്യം<br>ശ്രീ. അടൂർ പ്രകാശ് എം. എൽ. എ. | ഉത്തരം<br>ശ്രീ. കെ. പി. രാജേന്ദ്രൻ<br>(റവന്യു വകുപ്പുമന്ത്രി) |
|---|---|
| (എ) കോവളം കൊട്ടാരം സ്ഥിതി ചെയ്യുന്ന 25 ഹെക്ടർ ഭൂമിയ്ക്ക് എന്നാണ് പട്ടയം നൽകിയതെന്ന് വ്യക്തമാക്കുമോ ; | (എ) കോവളം കൊട്ടാരം സ്ഥിതി ചെയ്യുന്ന 25 ഹെക്ടർ ഭൂമിയ്ക്ക് പട്ടയം നൽകിയിട്ടില്ല. |
| ബി) പട്ടയം നൽകാനായി തയ്യാറാക്കിയ മഹസ്സറിന്റെ കോപ്പിയും അപേക്ഷയുടേയും , അനുബന്ധ റിക്കാർഡുകളുടേയും കോപ്പി മേശപ്പുറത്തുവയ്ക്കുമോ ; | (ബി) ബാധകമല്ല |
| (സി) പട്ടയം ഇല്ലാതിരുന്ന പ്രസ്തുത ഭൂമിയ്ക്ക് 2000-ൽ ജില്ലാ കളക്ടർ അടിയന്തിരമായി പട്ടയം നൽകുവാൻ ഫയലിൽ കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഫയലിൽ എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടോ ; | (സി) പട്ടയം ഇല്ലാതിരുന്ന പ്രസ്തുത ഭൂമിയ്ക്ക് സർക്കാർ പൊന്നുംവില നടപടിയാൽ ഏറ്റെടുത്ത ഭൂമി ജില്ലാ കളക്ടറുടെ 23.5.2000-ലെ നം.കെ4/30636/2000 ഉത്തരവ് പ്രകാരം ITDC-യുടെ പേരിൽ മാറ്റുന്നതിന് വില്ലേജ് റിക്കാഡിൽ വേണ്ട മാറ്റം വരുത്തുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |
| (ഡി) ഈ ഭൂമിയുടെ തർക്കം പരിഹരിക്കുന്നതിന് രൂപീകരിച്ച സെറ്റിൽമെന്റ് കമ്മറ്റിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | (ഡി)The Kovalam Palace (taking over by Resumption) Act വിഭാവനം ചെയ്ത പ്രകാരവും ഇപ്പോൾ ഹൈക്കോടതിയിൽ നിലവിലുള്ള WP (C)31820/05 കേസിന്റെ അന്തിമ വിധി അനുസരിച്ചും Kovalam Hotels Ltd മുന്നോട്ടുവച്ച സെറ്റിൽമെന്റ് പ്രപ്പോസലിൻമേൽ തീരുമാനമുണ്ടാക്കുകയാണ് സെറ്റിൽമെന്റ് കമ്മിറ്റിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (ഇ) നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാതെയുള്ള പട്ടയം റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) നടപടിക്രമങ്ങൾ പാലിക്കാതെയാണ് ഭൂമി കൈമാറ്റം നടത്തിയതെന്ന് പരിശോധനയിൽ തെളിഞ്ഞാൽ റദ്ദു ചെയ്യാൻ നടപടി സ്വീകരിയ്ക്കും. |

സെക്ഷൻ ഓഫീസർ.

1/3/08

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.230 13-3-2008-ൽ മറുപടിക്ക്

നഗര ഗതാഗത പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.ബാബു പോൾ<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഏതെല്ലാം നഗരങ്ങളെ നഗര ഗതാഗത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; | (എ) | നഗര ഗതാഗത പദ്ധതിയുടെ ഭാഗമായുള്ള ഗ്ലോബൽ എൺവയോൺമെന്റൽ ഫെസിലിറ്റിയുടെ ധനസഹായത്തോടെയുള്ള സുസ്ഥിര നഗര ഗതാഗത പദ്ധതിയിൽ തിരുവനന്തപുരം നഗരത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെല്ലാം സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) | പാരിസ്ഥിതിക സൗഹൃദ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായുള്ള പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ നഗര വികസന മന്ത്രാലയം സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കുന്നു. |
| (സി) | ഈ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി)യും (ഡി)യും | തിരുവനന്തപുരം നഗരത്തിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് കേന്ദ്രസഹായത്തിനായി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.<br>1) തിരുവനന്തപുരത്തെ ചാല മെയിൻ മാർക്കറ്റ് തെരുവും അനുബന്ധ നടവഴികളുടെയും കാൽനടയാത്രക്കാർക്കുള്ള സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക് 11.50 കോടി രൂപയുടെയും.<br>2) ചാല മാർക്കറ്റ്, സെൻട്രൽ റെയിൽവേ സ്റ്റേഷൻ, സെൻട്രൽ ബസ് സ്റ്റേഷൻ എന്നിവയെ ബന്ധിപ്പിക്കുന്ന നടപ്പാത നിർമ്മാണത്തിനായി 4.80 കോടി രൂപയുടെയും<br>3) തിരുവനന്തപുരത്തിനായി സംയോജിത മാസ് ട്രാൻസ്പോർട്ട് സിസ്റ്റത്തിനായി 358.58 കോടി രൂപയുടെയും പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഇതിനായി വിശദ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ഡി) | ദേശീയ നഗര ഗതാഗത നയത്തിന്റെ ഭാഗമായി എന്തെല്ലാം പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 231 13-03-2008-ൽ മറുപടിക്ക്

**ആധാരങ്ങളിൽ ഭൂമി വില കുറച്ചു കാണിക്കുന്നതിനെതിരെ നടപടി**

**ചോദ്യം** **ഉത്തരം**

ശ്രീ.ടി.പി.കുഞ്ഞുണ്ണി
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.ബി.ഡി.ദേവസ്സി
ശ്രീ.എം.ജെ.ജേക്കബ്
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

ശ്രീ.എസ്.ശർമ്മ
(മത്സ്യ ബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | |
|---|---|---|
| എ | ആധാരങ്ങളിൽ ഭൂമി വില കുറച്ചു കാണിക്കുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ | (എ)സംസ്ഥാനത്ത് സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് തടയുന്നതിനായി ഭൂമിക്ക് ന്യായ വില നിശ്ചയിക്കുന്ന നടപടി പൂർത്തീകരിച്ചു വരുന്നു. തിരുവനന്തപുരം ജില്ല ഒഴികെയുള്ള ജില്ലകളിലെ ഡ്രാഫ്റ്റ് ഫെയർ വാല്യൂ പ്രസിദ്ധീകരണത്തിനായി അച്ചടിക്കുവാൻ ആരംഭിച്ചിട്ടുണ്ട്. ആയത് ഉടനെ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്.<br><br>നിലവിൽ 1959ലെ കേരള മുദ്രപ്പത്ര നിയമം 45(B) വകുപ്പ് കേരള മുദ്രപ്പത്ര (കരണങ്ങളിൽ മൂല്യം കുറച്ച് കാണിക്കുന്നത് തടയൽ) ചട്ടങ്ങൾ ഇവയ്ക്ക് വിധേയമായി ഭൂമി വില കുറച്ച് കാണിക്കുന്ന ആധാരങ്ങളിൽ കുറവ് മുദ്രവില ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| ബി | ഭൂമി വില കുറച്ചുകാണിച്ചതുമായി ബന്ധപ്പെട്ട് ഇപ്പോൾ എത്ര കേസുകൾ നിലവിലുണ്ട് | (ബി)1986 മുതൽ 31/12/2007 വരെ തീർപ്പാക്കാതെ 18,51,154 കേസുകൾ ഉണ്ട് |
| സി | ഭൂമിയുടെ കുറഞ്ഞ വില സംബന്ധിച്ച കരട് വിജ്ഞാപനം പ്രസിദ്ധീകരണത്തിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ. എങ്കിൽ വിജ്ഞാപനം വെളിപ്പെടുത്തുമോ | (സി) തിരുവനന്തപുരം ആർ.ഡി.ഒ യുടെ കീഴിലുള്ളത് ഒഴികെ 20 ആർ.ഡി.ഒ മാരും അവരുടെ അധികാരപരിധിയിലുള്ള ഭൂമിയുടെ കരട് ന്യായവില നിശ്ചയിച്ചിട്ടുണ്ട്. കരട് വിജ്ഞാപനം പ്രസിദ്ധീകരണത്തിനായി അച്ചടിക്കുവാൻ ആരംഭിച്ചിട്ടുണ്ട്. ആയത് ഉടനെ തന്നെ പ്രസിദ്ധീകരിക്കുന്നതാണ് |
| ഡി | ഭൂമിയുടെ വില നിർണ്ണയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ . | (ഡി)1959ലെ മുദ്രപ്പത്ര നിയമം വകുപ്പ് 28A പ്രകാരവും അതിന് കീഴിൽ നിർമ്മിച്ച 1995ലെ കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) റൂൾസ് പ്രകാരവും അതാത് പ്രദേശത്തെ ആർ.ഡി.ഒ. മാരാണ് ഓരോ വില്ലേജിലെയും സർവ്വേ നമ്പർ, ക്ലാസിഫിക്കേഷൻ ഇവ അനുസരിച്ച് ഭൂമിയ്ക്ക് ന്യായ വില നിശ്ചയിക്കുന്നത്. |

| | | |
|---|---|---|
| ഇ | കള്ള പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതു തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്. | (ഇ)4.4.2007 ലെ 830-ാം നമ്പർ അസാധാരണ ഗസറ്റ് മുഖേന പ്രസിദ്ധീകരിച്ച4.5.2007 ലെ ആർ.ആർ.4-5448/2003 നമ്പർ ഉത്തരവനുസരിച്ച് നിലവിൽവന്ന രജിസ്ട്രേഷൻ ചട്ട ഭേദഗതി അനുസരിച്ച് എല്ലാ ആധാരങ്ങളിലും രജിസ്ട്രേഷനായി ആധാരം ഹാജരാക്കുന്ന ആളിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടതു കൈ പെരുവിരൽപ്പതിപ്പും ആധാരത്തിൽ പതിപ്പിക്കണം. വിലയാധാരങ്ങളിൽ വസ്തു വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന രണ്ടു ആളിന്റെയും പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടതുകൈ പെരുവിരൽപ്പതിപ്പും ആധാരത്തിൽപതിപ്പിക്കണം. കൂടാതെ രജിസ്റ്ററിംഗ് ആഫീസർ തന്റെ മുൻപാകെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഹാജരാകുന്ന ആളുടെ അനന്യത സ്വയം ബോധ്യപ്പെടുന്നതിലേക്കായി ഇലക്ഷൻ തിരിച്ചറിയൽ കാർഡോ, പാസ്പോർട്ടോ, ഡ്രൈവിംഗ്ലൈസൻസോ, പെർമനന്റ് അക്കൗണ്ട് നമ്പർ കാർഡോ, റേഷൻ കാർഡോ സർക്കാർ നിയന്ത്രണത്തിലുള്ള ഏതെങ്കിലും അധികാരി നൽകുന്ന തിരിച്ചറിയൽ കാർഡോ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.<br>എന്നാൽ ടി ചട്ടങ്ങൾ സർക്കാർ, തദ്ദേശഭരണ അധികാര കേന്ദ്രങ്ങൾ, സ്റ്റാറ്റ്യൂട്ടറിബോഡിസ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ഏകാംഗസ്ഥാപനങ്ങൾ, പൊതുമേഖലാ സംരംഭങ്ങൾ, രജിസ്റ്റർ ചെയ്ത കോ- ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവയ്ക്കു വേണ്ടിയോ ഇവയുടെ പേർക്കോ എഴുതിക്കൊടുക്കുന്ന ആധാരങ്ങളുമായി ബന്ധപ്പെട്ട് ഹാജരാകുന്ന ആളുകൾ ഇവർക്കും രജിസ്ട്രേഷൻ ആക്ട് 88 (1) വകുപ്പു പ്രകാരം ഒഴിവാക്ക- പ്പെട്ടിട്ടുള്ള സർക്കാർ അധികാരികൾ, പൊതു അധികാരികൾ ഇവർക്കും ഔദ്യോഗിക നിലയ്ക്കു പ്രവർത്തിക്കുമ്പോൾ ബാധകമല്ല. |

സെക്ഷൻ ആഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നംപർ (232) 13-3-2008 ലെ മറുപടി

## കെട്ടിട നിർമ്മാണത്തിന് മേഖലാ ഇളവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴിക്കാടൻ | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) കെട്ടിട നിർമ്മാണത്തിന് മേഖലാ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ ഏതു ഘട്ടം വരെയായി; | (എ) 8740/97(എസ്) നമ്പരിലുള്ള ഒ.പി.യിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 7-11-2005-ലെ വിധിയുടെ അടിസ്ഥാനത്തിൽ, അംഗീകൃത നഗരാസൂത്രണ പദ്ധതികളുടെ മേഖലാ നിയന്ത്രണത്തിൽ നിന്നും ഇളവു നൽകുന്നതിന് സാധിക്കുകയില്ല. എന്നാൽ അംഗീകൃത നഗരാസൂത്രണ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം മാസ്റ്റർ, കൊച്ചി സെൻട്രൽ സിറ്റിയ്ക്കായുള്ള സ്ട്രക്ച്ചർ പ്ലാൻ, കോഴിക്കോട് ഡവലപ്പ്മെന്റ് പ്ലാൻ, കൊല്ലം ഡവലപ്പ്മെന്റ് പ്ലാൻ പുനലൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് പ്രദേശത്തിനായുള്ള വിശദ നഗരാസൂത്രണ പദ്ധതി എന്നിവയിലെ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പുതുക്കി ഇതിനകം തന്നെ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ, കോട്ടയം നഗരങ്ങളുടെ ഡവലപ്പ്മെന്റ് പ്ലാനുകളിലെ മേഖലാ നിയന്ത്രണചട്ടങ്ങളുടെ പുതുക്കിയ കരട് ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റ് നഗരാസൂത്രണപദ്ധതികളും കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നഗര-ഗ്രാമാസൂത്രണ വകുപ്പിൽ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ബി) കഴിഞ്ഞ രണ്ടുവർഷമായി കെട്ടിടം പണിക്ക് അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി)നിലവിലുള്ള അംഗീകൃത നഗരാസൂത്രണ പദ്ധതികളിലെ വ്യവസ്ഥകൾക്കനുസൃതമായി നിർമ്മാണം നടത്തുന്നതിന് ഇപ്പോഴും ബുദ്ധിമുട്ടുകളില്ല. എന്നാൽ നഗരാസൂത്രണ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) എങ്കിൽ ഇതു സംബന്ധിച്ച് ഇത്രയും കാലതാമസം ഉണ്ടായിട്ടുള്ളത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (സി)130-ഓളം അംഗീകൃത നഗരാസൂത്രണ പദ്ധതികളാണ് നിലവിലുള്ളത്. ഇവ കലോചിതമായി പരിഷ്കരിക്കുന്നതിലേയ്ക്ക് ആവശ്യം വേണ്ട സർവ്വേകളും, പഠനങ്ങളും, വിശകലനങ്ങളും നടത്തേണ്ടതും തുടർന്നുള്ള നിയമാനുസൃതമുള്ള വിവിധ നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്. ആയതിനാലാണ് കാലതാമസം ഉണ്ടാകുന്നത്. നഗരഗ്രാമാസൂത്രണ വകുപ്പിൻെറ നിലവിലുള്ള സൗകര്യങ്ങൾ ആവുന്നത്ര ഉപയോഗിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. മാസ്റ്റർ പ്ലാനുകളുടെ റിവിഷൻ ത്വരിതപ്പെടുത്തുന്നതിന് ബഡ്ജറ്റിൽ 2.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) അപേക്ഷകരുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് നടപടി ക്രമങ്ങൾ പൂർത്തിയാക്കി അന്തിമപ്ലാൻ വിജ്ഞാപനം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി)നഗരാസൂത്രണ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം മാസ്റ്റർ, കൊച്ചി സെൻട്രൽ സിറ്റിയ്ക്കായുള്ള സ്ട്രക്ച്ചർ പ്ലാൻ, കോഴിക്കോട് ഡവലപ്പ്മെന്റ് പ്ലാൻ, കൊല്ലം ഡവലപ്പ്മെന്റ് പ്ലാൻ പുനലൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് പ്രദേശത്തിനായുള്ള വിശദ നഗരാസൂത്രണ പദ്ധതി എന്നിവയിലെ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പുതുക്കി ഇതിനകം തന്നെ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ, കോട്ടയം നഗരങ്ങളുടെ ഡവലപ്പ്മെന്റ് പ്ലാനുകളിലെ മേഖലാ നിയന്ത്രണചട്ടങ്ങളുടെ പുതുക്കിയ കരട് ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റ് നഗരാസൂത്രണപദ്ധതികളും കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നഗര-ഗ്രാമാസൂത്രണ വകുപ്പിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.233

13.3.2008-ൽ മറുപടിക്ക്

## എൻ.ആർ.എഫ്. ഭൂമിയിൽ പട്ടയത്തിന് വേണ്ടി അപേക്ഷ സമർപ്പിച്ചവർ

ചോദ്യം

ശ്രീ.എൻ.രാജൻ,
ശ്രീ. രാജാജി മാത്യു തോമസ്,
ശ്രീ.കെ.രാജു,
ശ്രീ.പള്ളിപ്രം ബാലൻ.

ഉത്തരം

ശ്രീ.കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ മലയോര മേഖലയിൽ എൻ.ആർ.എഫ്. ഭൂമി കൈവശം വച്ചിരിക്കുന്ന എത്ര കർഷകർക്ക് ഇതുവരെ പട്ടയം നൽകിയിട്ടുണ്ട് ; | (എ). സംസ്ഥാനത്തെ മലയോര മേഖലയിൽ എൻ.ആർ.എഫ്. ഭൂമി കൈവശം വെച്ചിരിക്കുന്ന 6079 (ആറായിരത്തി എഴുപത്തി ഒൻപത്) കർഷകർക്ക് ഇത് വരെ പട്ടയം നൽകിയിട്ടുണ്ട്. |
| (ബി) ഇവർക്ക് അവസാനമായി പട്ടയം കൊടുത്തത് എന്നാണ് ; | (ബി) എൻ.ആർ.എഫ്. ഭൂമിയുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുള്ള കൊല്ലം ജില്ലയിൽ 16.4 2000 തീയതിയിലും. തൃശൂർ ജില്ലയിൽ 1988-ലുമാണ് അവസാനമായി എൻ.ആർ.എഫ് ഭൂമിയ്ക്ക് പട്ടയം കൊടുത്തിട്ടുള്ളത്. |
| (സി) എൻ.ആർ.എഫ് ഭൂമിയിൽ ഇതുവരെ പട്ടയം ലഭിച്ചിട്ടുള്ള കർഷകരുടേയും അവരുടെ കൈവശമുള്ള ഭൂമിയുടേയും കണക്കുകൾ വ്യക്തമാക്കുമോ ; | (സി). എൻ.ആർ.എഫ്. ഭൂമിയുള്ള കൊല്ലം, തൃശൂർ ജില്ലകളിലായി 6079 (ആറായിരത്തി എഴുപത്തി ഒൻപത്) കർഷകർക്കായി 4198.0348 ഹെക്ടർ ഭൂമിയ്ക്ക് പട്ടയം നൽകിയിട്ടുണ്ട്. |
| (ഡി) നിലവിൽ എൻ.ആർ.എഫ്. ഭൂമിയിൽ പട്ടയത്തിന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള കർഷകരുടെ എണ്ണവും, അവരുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണവും ലഭ്യമാക്കാമോ ; | (ഡി) എൻ.ആർ.എഫ് ഭൂമിയുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുള്ള കൊല്ലം, തൃശൂർ ജില്ലകളിലായി 2259 (രണ്ടായിരത്തി ഇരുന്നൂറ്റി അൻപത്തി ഒൻപത്) കർഷകരുടെ അപേക്ഷകൾ നിലവിലുണ്ട്. കർഷകരുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം ലഭ്യമായ കണക്കുകൾ പ്രകാരം 486. 3606 ഹെക്ടർ ആണ്. |

| | |
|---|---|
| (ഇ) പട്ടയത്തിന് അർഹരായിട്ടുള്ള കർഷകർക്ക് എത്ര കാലത്തിനുള്ളിൽ പട്ടയം കൊടുക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ? | (ഇ) കൊല്ലം, തൃശൂർ എന്നീ ജില്ലകളിലാണ് പതിച്ചു നൽകാൻ എൻ.ആർ.എഫ് ഭൂമിയുള്ളത്. ഇതിൽ കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ ഇളമാട് വില്ലേജിലെ വേങ്ങൂർ പ്രദേശത്തെ കൃഷിയുക്ത വനഭൂമി ഒരേക്കർ വീതം 75 പേർക്ക് അനുവദിച്ചു ഉത്തരവായിരുന്നുവെങ്കിലും പ്രസ്തുത ഭൂമി കൈയ്യേറിയിട്ടുള്ളതിനാൽ ടി 75 പേർക്കും കൂടാതെ ടി പ്രദേശത്തെ താമസക്കാരായ 826 പേർക്കും നാളിതുവരെ പട്ടയം നൽകാൻ കഴിഞ്ഞിട്ടില്ല. കൊല്ലം ജില്ലാ കളക്ടറുമായി ആലോചിച്ച് ഇവർക്ക് എത്രയും വേഗം പട്ടയം നൽകുന്നതിന് വേണ്ട നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br><br>തൃശൂർ ജില്ലയിൽ വിതരണയോഗ്യമായ എൻ.ആർ.എഫ് ഭൂമിയിൽ അർഹരായ അപേക്ഷകർക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നംപർ (234) — 13-3-2008 ലെ മറുപടി

## ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് പുതിയ വ്യവസ്ഥകൾ

| ചോദ്യം<br>ശ്രീ പി.സി. ജോർജ് | ഉത്തരം<br>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും പുതിയ വ്യവസ്ഥകൾ വരുത്താൻ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഫ്ളാറ്റുകൾ ഉൾപ്പെടെയുള്ള വിവിധ നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട്, 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുന്നവിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) പട്ടണങ്ങളിൽ ഫ്ളാറ്റുകൾ ചുരുങ്ങിയ വിസ്തൃതിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുമ്പോൾ അവിടെ താമസിക്കുന്നവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; | (ബി) ചുരുങ്ങിയ വിസ്തൃതിയുള്ള പ്ലോട്ടുകളിൽ ഫ്ളാറ്റുകൾ നിർമ്മിക്കുമ്പോൾ താമസക്കാർക്കുണ്ടാകുന്ന പ്രത്യേക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ വന്ന പ്രകാരം, ഹൈറൈസ് അപ്പാർട്ടുമെന്റുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ പ്ലോട്ടിന്റെ ഏറ്റവും കുറഞ്ഞ വിസ്തൃതി കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഭേദഗതിയായി ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിഗണിക്കുന്നുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യവും(പാർക്കിംഗ് ഏരിയ, തുറസ്സായ സ്ഥലം, കുടിവെള്ളം, മാലിന്യ സംസ്ക്കരണം, റോഡിന്റെ വീതി മുതലായവ), സുരക്ഷാസംവിധാനവും കണക്കിലെടുത്തുകൊണ്ട് ആവശ്യമായ ഭേദഗതികൾ വരുത്തുന്ന വിഷയവും പരിഗണനയിലുണ്ട്. |

—— ——

| | |
|---|---|
| (സി) പൂർണ്ണസംവിധാന ങ്ങളുള്ള ഫ്ളാറ്റുകൾ മാത്രമെ പട്ടണങ്ങളിൽ നിർമ്മിക്കാവൂ എന്ന വ്യവസ്ഥ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) പൂർണ്ണ സംവിധാനങ്ങളുള്ള ഫ്ളാറ്റുകൾക്കും ഹൈറൈസ് ബിൽഡിംഗ്സിനും മാത്രം നിർമ്മാണാനുമതി നൽകാൻ ഉദ്ദേശിക്കുന്നു. അതിനുള്ള ഭേദഗതികൾ സർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 235 — 13.3.2008 ൽ മറുപടിയ്ക്ക്

## സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചതായ പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ :<br>ശ്രീ.വി.എസ്.സുനിൽ കുമാർ :<br>ശ്രീ.കെ.രാജു : | ശ്രീ.കെ.പി.രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പ് മന്ത്രി) |
| എ) സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചതായുള്ള പരാതികളിന്മേൽ അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | എ) ഉണ്ട്. സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചതായുള്ള പരാതിയെ സംബന്ധിച്ച് അന്വേഷിക്കുന്ന ഡോ.എം.വിജയനുണ്ണി കമ്മീഷൻ അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. അതോടൊപ്പം റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന കാര്യം അന്വേഷിക്കുന്നതിനായി ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഈ രണ്ട് റിപ്പോർട്ടുകളും കിട്ടുന്ന മുറയ്ക്ക് മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) വിജയനുണ്ണി കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | ബി) വിജയനുണ്ണി കമ്മീഷൻ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നാല് മേഖല എസ്.പിമാരുടെ കീഴിൽ പ്രത്യേക സംഘങ്ങളായി വിജിലൻസ് അന്വേഷണം നടന്നു വരുന്നു. |
| സി) സുനാമി ദുരന്തത്തെ തുടർന്ന് മുഖ്യമന്ത്രിയുടെ ഫണ്ടിലേയ്ക്ക് സ്വരൂപിച്ച തുക എത്ര ; ഈ തുക എന്തെല്ലാം ആവശ്യങ്ങൾക്കായിട്ടാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | സി) 27.12.2004 മുതൽ 21.6.2006 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് 37,50,41,404/- രൂപ സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് സംഭാവനയായി ലഭിച്ചിട്ടുണ്ട്. 27.12.2004 മുതൽ 3.11.2006 വരെ 31,61,61,146/-രൂപ വിവിധ ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. ചെലവിനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| ഡി) | സഹകരണ ബാങ്കുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും സ്വരൂപിച്ച ഫണ്ട് എത്രയാണ് ; ഈ ഫണ്ട് ഏതെങ്കിലും ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം കാര്യങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ ; | ഡി) | സഹകരണ ബാങ്കുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും 4,25,70,755.40/- (നാല് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി എഴുപതിനായിരത്തി എഴുന്നൂറ്റി അൻപത്തി അഞ്ച് രൂപ നാൽപ്പത് പൈസ മാത്രം) രൂപ ആകെ സ്വരൂപിച്ചിട്ടുണ്ട്. ടി തുകയിൽ സുനാമി ഫണ്ടിലേയ്ക്ക് സംഭാവന നൽകാൻ അഭ്യർത്ഥിച്ചുകൊണ്ടുള്ള പത്ര പരസ്യത്തിനായി ചെലവായ 4,42,560/- (നാല് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ്റി അറുപത് രൂപ) രൂപ കഴിച്ച് ബാക്കി 4,21,28,195/- (നാല് കോടി ഇരുപത്തി ഒന്ന് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി നൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ) രൂപ ഇപ്പോൾ ഫണ്ടിലുണ്ട്. ഈ തുക സംസ്ഥാന സഹകരണ ബാങ്കിൽ സ്ഥിര നിക്ഷേപമായി സൂക്ഷിച്ചിരിക്കുകയാണ്. |
| ഇ) | ഏതൊക്കെ വകുപ്പുകൾ പ്രത്യേക സുനാമി ഫണ്ടുകൾ സ്വരൂപിച്ചിട്ടുണ്ട്; ഓരോ വകുപ്പും സ്വരൂപിച്ച തുക എത്രയാണെന്നും, ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് എത്ര വീതം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ ? | ഇ) | മുകളിൽ ഉത്തരം സി,ഡി എന്നിവയിൽ പറഞ്ഞ തുക കൂടാതെ മറ്റ് വകുപ്പുകൾ സുനാമി ഫണ്ട് സ്വരൂപിച്ചതായി വിവരം ലഭിച്ചിട്ടില്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 236      13.03.2008 ൽ മറുപടിയ്ക്ക്

### പതിനൊന്നാം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.അനിൽകുമാർ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) പഞ്ചായത്തുകളിൽ 11-ാം പദ്ധതി എന്നു മുതൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിരുന്നത്; | (എ) പഞ്ചായത്തുകളിൽ 11-ാം പദ്ധതി 2007-2008 സാമ്പത്തിക വർഷം മുതലാണ് ആരംഭിച്ചത്. |
| (ബി) അതനുസരിച്ച് പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ബി) ഉണ്ട്. പതിനൊന്നാം പദ്ധതിയുടെ ആദ്യ വർഷം എന്ന നിലയിലുള്ള സ്വാഭാവിക കാലതാമസം മാത്രമേ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ ഉണ്ടായിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 237 — 13.03.2008 -ൽ മറുപടിയ്ക്ക്

### ആഡിറ്റ് കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.സി.രാമൻ | ശ്രീ. പാലോളി മുഹമ്മദ്കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റിനുവേണ്ടി ആഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നതു സംബന്ധിച്ച നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) എ.ജി.യുടേതിന് സമാനമായി പൂർണ്ണ പ്രവർത്തന സ്വാതന്ത്ര്യത്തോടെ സംസ്ഥാനത്ത് ഒരു ആഡിറ്റ് സംവിധാനം രൂപീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ;

(സി) ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

(എ) & (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വയംഭരണാധികാരമുള്ള പ്രാദേശിക സർക്കാരുകൾ ആയതിനാൽ അവയ്ക്ക് പ്രത്യേകമായ ഒരു ആഡിറ്റ് കമ്മീഷൻ രൂപീകരിക്കാൻ സെൻ കമ്മിറ്റി റിപ്പോർട്ട് സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല. സെൻ കമ്മിറ്റി റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്ന ആഡിറ്റ് കമ്മീഷൻ, അക്കൗണ്ടന്റ് ജനറലിന്റെ മാതൃകയിലുള്ള ആഡിറ്റ് സംവിധാനമല്ല. മറിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റിനുവേണ്ടി സ്വതന്ത്രമായി രൂപീകരിക്കുന്ന ഒന്നായിരിക്കും എന്നാണ്.

(സി) സെൻ കമ്മിറ്റി റിപ്പോർട്ടിലെ ആഡിറ്റ് കമ്മീഷൻ സംബന്ധിച്ച ശുപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരുന്നതേ ഉള്ളൂ.

സെക്ഷൻ ഓഫീസർ

നക്ഷത്രചിഹ്നമിട്ട ചോദ്യം നം 238. 13.3.2008- ൽ മറുപടിയ്ക്ക്

## മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ.അസീസ് : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പരിപാടികൾ ഏതൊക്കെയാണെന്നു വിശദമാക്കുമോ ; | (എ) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് എഫ്.എഫ്.ഡി.എ., ബി. എഫ്.എഫ്.ഡി.എ. അഡാക്, ഫിർമ, മത്സ്യഫെഡ് എന്നിവ മുഖേന താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1. ഫിഷറീസ് വകുപ്പ്<br>ഉൾനാടൻ ജലാശയങ്ങളിലും, പ്രധാനപ്പെട്ട അഴി, പൊഴിമുഖ പ്രദേശങ്ങളിലും മത്സ്യ, കൊഞ്ച്, ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി, അനധികൃത മത്സ്യബന്ധനം തടയുന്നതിനായി കായൽ പട്രോളിംഗ്.<br>പാലക്കാട്, കാസർഗോഡ്, വയനാട് ജില്ലകളിൽ മത്സ്യകർഷകർക്കായുള്ള വിദർഭാപാക്കേജ് നടപ്പിലാക്കി വരുന്നു.<br>2. മത്സ്യകർഷക വികസന ഏജൻസി<br>ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹനം സാങ്കേതിക സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.<br>3. ഓരുജല മത്സ്യകർഷക വികസന ഏജൻസി<br>ഓരുജല മത്സ്യ/ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി.<br>4. അഡാക്<br>1. കുട്ടനാടൻ മേഖലയിലെ (ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ) പാടശേഖരങ്ങളിൽ നടപ്പിലാക്കുന്ന ഒരു നെല്ലും ഒരു മീനും പദ്ധതി.<br>2. പൊക്കാളി പാടശേഖരങ്ങളിൽ (ആല |

| | |
|---|---|
| | പ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിൽ) നടപ്പിലാക്കുന്ന സുസ്ഥിര ചെമ്മീൻ കൃഷി.<br>3. തൃശൂർ കോൾനിലങ്ങളിൽ നടപ്പിലാക്കുന്ന ഒരു നെല്ലും ഒരു മീനും പദ്ധതി.<br>4. സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരം കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വനിതാ സ്വയംസഹായ സംഘങ്ങൾ വഴി നടപ്പിലാക്കുന്ന കല്ലുമ്മേക്കായ കൃഷി.<br>5. സുനാമി പുനരധിവാസ പദ്ധതി പ്രകാരം കടൽമത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ കഠിനംകുളം, അഞ്ചുതെങ്ങ്, പൂവാർ, കുളത്തൂർ, കരിംകുളം എന്നീ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന കടലിൽ കൃത്രിമപാര് നിക്ഷേപിക്കുന്ന പദ്ധതി.<br><br>5. <u>ഫിർമ</u><br>സി.ഡബ്ല്യു.ആർ.ഡി.എം. ന്റെ സഹായത്തോടെ ശാസ്താംകോട്ട കായലിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി.<br>6. <u>മത്സ്യഫെഡ്</u><br>കോൾ നിലങ്ങളിൽ ശുദ്ധജല ചെമ്മീൻ കൃഷി വികസിപ്പിക്കുന്നതിനായി താല്പര്യമുള്ള കർഷകർക്ക് ക്രെഡിറ്റ് വ്യവസ്ഥയിൽ ചെമ്മീൻ വിത്ത് നൽകി സാങ്കേതിക പരിജ്ഞാനവും പരിപാലന രീതികളും മനസ്സിലാക്കിക്കൊടുത്ത് കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതി. |
| (ബി) ഇവയുടെ പ്രയോജനം വിലയിരുത്തിയിട്ടുണ്ടോ ; | (ബി) ധനസഹായം ലഭ്യമാക്കുന്ന പദ്ധതികളുടെ വിളവെടുപ്പ് വിവരങ്ങൾ ശേഖരിച്ച് കാലാകാലങ്ങളിൽ മത്സ്യോല്പാദനരംഗത്ത് ഉണ്ടാവുന്ന വർദ്ധനവ് വിലയിരുത്തുന്നുണ്ട്. ഓപ്പൺ വാട്ടർ റാഞ്ചിംഗ്, സീ റാഞ്ചിംഗ് എന്നിവയുടെ പ്രയോജനം വില |

| | |
|---|---|
| | യിരുത്തുന്നതിനുള്ള പഠനം ഫിർമ നടത്തിവരുന്നു. |
| (സി) പ്രസ്തുത പരിപാടികൾക്ക് എന്ത് തുക വകയിരുത്തിയിട്ടുണ്ട് ? | (സി) സീ റാഞ്ചിംഗ് പദ്ധതിക്കായി ഈ സാമ്പത്തികവർഷം 4 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ശുദ്ധജല/ഓരുജല മത്സ്യ കൃഷി പദ്ധതിക്കായി 240 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഒരു നെല്ലും ഒരു മീനും പദ്ധതിയ്ക്ക് 40 ലക്ഷവും പൊക്കാളി പാടശേഖരങ്ങളിലെ സുസ്ഥിര ചെമ്മീൻ കൃഷിക്ക് 20 ലക്ഷവും തൃശ്ശൂർ കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതിയ്ക്ക് 100 ലക്ഷവും, സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരമുള്ള കല്ലുമ്മേക്കായ കൃഷിക്ക് 3825488/- രൂപയും സുനാമി പുനരധിവാസ പദ്ധതിപ്രകാരമുള്ള കൃത്രിമപാര് നിക്ഷേപിക്കുന്നതിന് 79.90 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്നതിന് 8 ലക്ഷം രൂപ ഫിർമയ്ക്ക് അനുവദിച്ച് നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 13-03-08-ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ. 239

## ഇൻഫർമേഷൻ കേരള മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ജയരാജൻ<br>ശ്രീ.ബാബു.എം.പാലിശ്ശേരി<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.കെ.ദിവാകരൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി ) |
| (എ) ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ നടപടികൾ കാര്യക്ഷമമാക്കുന്നതിന് എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഭരണ നടപടികൾ കാര്യക്ഷമമാക്കുന്നതിന് വിവിധ ആവശ്യങ്ങൾക്കെത്തുന്ന പൊതുജനങ്ങൾക്ക് ഉടൻ തന്നെ സേവനം ലഭിക്കത്തക്കവണ്ണം നടപടികൾ ലഘൂകരിക്കുക, ഗതിവേഗം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ത്രിതല പഞ്ചായത്തുകളുടെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷന്റെ ചുമതല ഇൻഫർമേഷൻ കേരള മിഷനെ ഏൽപ്പിച്ചിട്ടുള്ളത്. ഈ ലക്ഷ്യ പ്രാപ്തിക്കായി ഐ.കെ.എം നടപ്പിലാക്കിയ വിവിധ പരിപാടികൾ തദ്ദേശസ്വയംസ്ഥാപനങ്ങളുടെ ഭരണ നടപടികൾ കാര്യക്ഷമമാക്കുന്നതിന് വളരെയേറെ പ്രയോജനപ്പെട്ടിട്ടുണ്ട്. |
| (ബി) ഐ.കെ.എം ഏതെല്ലാം സേവന സോഫ്റ്റ് വെയറുകളാണ് രൂപ കൽപ്പന ചെയ്തിട്ടുള്ളതെന്നും ഇപ്പോൾ ഏതെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) ഐ.കെ.എം രൂപ കൽപ്പന ചെയ്ത സേവന സോഫ്റ്റ് വെയറുകൾ താഴെപ്പറയുന്നു.<br>1. സുലേഖ<br>2. സേവന<br>3. സഞ്ചിത<br>4. സൂചിക<br>5. സഞ്ചയ<br>6. സാംഖ്യ |

7. സ്ഥാപന

8. സകർമ്മ

9. സുമുദ്ര

10. സംവേദിത

11. സാമൂഹ്യ

12. സചിത്ര

13. സാഫല്യ

ഇവയുടെ വിശദീകരണം അനുബന്ധമായി ചേർത്തിട്ടുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കമ്പ്യൂട്ടറൈസ്ഡ് ചെയ്ത് ജനങ്ങളുടെ ആവശ്യങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് മേല്പറഞ്ഞ സോഫ്റ്റ് വെയറുകൾ വികസിപ്പിച്ച് ഘട്ടം ഘട്ടമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചു വരികയാണ്. 5 കോർപ്പറേഷനുകളിലും 53 മുൻസിപ്പാലിറ്റികളിലും ഭൗതിക സൗകര്യങ്ങൾ ലഭ്യമായ ഗ്രാമപഞ്ചായത്തുകളിലും ഇതിനകം തന്നെ ഇവ വിന്യസിപ്പിച്ച് കഴിഞ്ഞു. ബാക്കി സ്ഥാപനങ്ങളിൽ ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് സോഫ്റ്റ് വെയറുകൾ വിന്യസിപ്പിക്കാനും കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കാനുമുള്ള നടപടി ക്രമങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിനാവശ്യമായ വിവരങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടറിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) സ്വീകരിച്ചിട്ടുണ്ട്.

D. Sailaja Kumari Amma

സെക്ഷൻ ഓഫീസർ

239-5

# അനുബന്ധം - 7

ഐ.കെ.എം. വികസിപ്പിച്ചെടുത്തിട്ടുള്ള സോഫ്റ്റ്വെയർ ആപ്ലിക്കേഷനുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

**സുലേഖ** - വികേന്ദ്രീകൃതാസൂത്രണ പ്രസ്ഥാനത്തിനു ശക്തിപകരാനും ആസൂത്രണ പ്രക്രിയ ശാസ്ത്രീയമായും ക്രമബദ്ധമായും അവലോകനം ചെയ്യാനുമുള്ള പദ്ധതി മോണിറ്ററിംഗ് സംവിധാനം.

**സേവന** - ജനതയാണ് രാഷ്ട്രത്തിന്റെ അമൂല്യസമ്പത്ത് എന്ന വസ്തുത കണക്കിലെടുത്ത് ജനസംഖ്യാവർദ്ധനവിൻമേൽ ജാഗ്രതയോടെ ശ്രദ്ധപതിപ്പിക്കാനുതകുന്ന ജനന-മരണ-വിവാഹ രജിസ്ട്രേഷനുള്ള പാക്കേജ്.

**സേവന** - സാമൂഹ്യസുരക്ഷാ ശൃംഖല വ്യാപിപ്പിക്കുന്നതിനായി സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ നിർവഹണത്തിനുള്ള പാക്കേജ്.

**സഞ്ചിത** - പഞ്ചായത്ത് നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഇലക്ട്രോണിക് വിജ്ഞാനകോശം.

**സൂചിക** - വേഗതയേറിയ സുതാര്യമായ ഔദ്യോഗിക തീരുമാനങ്ങൾക്ക് ദൈനംദിന ഔദ്യോഗിക നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള പാക്കേജ്.

**സഞ്ചയ** - മെച്ചപ്പെട്ട സംയോജനം, മെച്ചപ്പെട്ട ലക്ഷ്യനിർണയം, സുഗമമായ റവന്യൂ ശേഖരണം എന്നിവ ലക്ഷ്യമാക്കിക്കൊണ്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ റവന്യൂസംവിധാനത്തിനുള്ള പാക്കേജ്.

**സാംഖ്യ** - സങ്കീർണമായ കണക്കെഴുത്ത് നടപടികൾക്കും കൈയിലൊതുങ്ങാത്ത കണക്കുപുസ്തകങ്ങൾക്കും വിടനൽകിക്കൊണ്ട് ക്രയവിക്രയങ്ങൾ യഥാസമയം രേഖപ്പെടുത്തുന്നതിനായുള്ള അക്കൗണ്ടിംഗ് പാക്കേജ്.

**സ്ഥാപന** - കാര്യക്ഷമമായ അവകാശസംരക്ഷണം, സ്ഥാപനത്തിന്റെ കാര്യക്ഷമതയ്ക്ക് അത്യന്താപേക്ഷിതമാണെന്നു മനസ്സിലാക്കി അവകാശ സംരക്ഷണം ചിട്ടയോടെയും സമയബന്ധിതമായും നടപ്പിലാക്കുന്നതിനായുള്ള എസ്റ്റാബ്ലിഷ്മെന്റ് പാക്കേജ്.

**സകർമ്മ** - വസ്തുനിഷ്ടമായ ഔദ്യോഗിക തീരുമാനങ്ങൾക്കുള്ള വിവര വിനിമയ പാക്കേജ്.

**സുഭദ്ര** - ശാസ്ത്രീയമായ ബജറ്റിംഗിനും അനുബന്ധ രേഖകൾ പരിപാലിക്കുന്നതിനുമായുള്ള സാമ്പത്തിക മാനേജ്മെന്റ് സംവിധാനം.

**സംവേദിത** - വൈജ്ഞാനിക ചക്രവാളം വികസിപ്പിക്കേണ്ടത് പുതിയ കാലഘട്ടത്തിന്റെ ആവശ്യമാണ് എന്നത് കണക്കിലെടുത്ത് ലോകത്തോട് സംവദിക്കാനും പൗരസമൂഹം ശക്തിപ്പെടുത്താനുമായുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ വെബ്സൈറ്റ്.

237-6

സാമൂഹ്യ - മെച്ചപ്പെട്ട ആസൂത്രണത്തിനും പൗരസേവനത്തിനുമായി കൃത്യമായ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തുന്ന സമഗ്ര പൗരവിവര സഞ്ചയം.

സചിത്ര - പ്രദേശങ്ങളുടെ ഭൂപടം വികസനോൻമുഖമായി പുനർരചിച്ച് ഭൂപടം തയ്യാറാക്കുന്നതിനുള്ള ആപ്ലിക്കേഷൻ.

സാഫല്യ - തൊഴിലന്വേഷകർക്കും, തൊഴിൽ ദായകർക്കും വേണ്ടി പ്രാദേശിക മാനവ വിഭവശേഷി മാനേജുമെന്റിനുള്ള പാക്കേജ്.

D. Sreeleja Kumari

സെക്ഷൻ ഓഫീസർ.

<u>പന്ത്രണ്ടാം കേരള നിയമസഭ--ഏഴാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.240. 13.3.2008- ൽ മറുപടിയ്ക്ക്

<u>ഉൾനാടൻ മത്സ്യസമ്പത്തിന്റെ നാശം</u>

<u>ചോദ്യം</u>

ശ്രീ. കോവൂർ കുഞ്ഞുമോൻ :

<u>മറുപടി</u>

ശ്രീ. എസ്. ശർമ്മ

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ഉൾനാടൻ മത്സ്യസമ്പത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പുഴകൾ, നദികൾ, തടാകം, കായൽ, പുഞ്ച, ചിറകൾ എന്നിവിടങ്ങളിൽ സുലഭമായി ഉണ്ടായിരുന്ന നാടൻ മത്സ്യസമ്പത്തിന്റെ കുറവ് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ; | (ബി) പുഴകൾ, നദികൾ, തടാകം എന്നിവിടങ്ങളിലെ ഉൾനാടൻ മത്സ്യസമ്പത്ത് കുറവു വരാനുള്ള കാരണങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. അമിതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം, പരിസ്ഥിതിക്കിണങ്ങാത്ത വികസനപ്രവർത്തനങ്ങൾ, ജലമലിനീകരണം, അനധികൃത കായൽ കയ്യേറ്റം, വാണിജ്യപ്രാധാന്യമുള്ള മത്സ്യങ്ങളുടെ അമിത ചൂഷണം തുടങ്ങിയ കാരണങ്ങളാലാണ് ഉൾനാടൻ മത്സ്യസമ്പത്ത് ഗണ്യമായി കുറയുന്നതെന്ന് പഠനത്തിൽ വ്യക്തമാകുന്നു. ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് 'മത്സ്യകേരളം' പദ്ധതിക്ക് രൂപം നല്കിവരുന്നു. |
| (സി) വളർത്തു മത്സ്യങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിക്കുമ്പോൾ നാടൻ മത്സ്യങ്ങളെ കൂട്ടമായി മത്സ്യകൃഷിക്കാർ ബോധപൂർവ്വം നശിപ്പിക്കുന്ന നടപടി അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) ഇതിനാവശ്യമായ ബോധവത്ക്കരണ പരിപാടികൾ നടത്തുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്. പരിസ്ഥിതി സൗഹൃദമായ മത്സ്യകൃഷിക്ക് പ്രോത്സാഹനം നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ